മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 01 | THE ONLINE OFFICIAL NEWS BULLETIN | 2026 January 01

SEASON OF THE EPIPHANY ❦ ദനഹാകാലം ❦ ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
4 ♪2 2nd Sunday after Feast of Nativity	5 ♪6	6  ♪2 Denho/Denaha ✠ (Feast of the Epiphany) Baptism of our Lord	7  ♪8 *Phsoq risheh d-yuhanon* Beheading of St. John the Baptist	8  ♪8 Comme. of St. Stephen, the first Martyr	9 ♪6	10 ♪2



മലങ്കരസഭയുടെ പ്രഥമ മാർത്തോമ്മൻ പുരസ്ക്കാരം കോട്ടയം പഴയ സെമിനാരിയിൽ നടന്ന ചടങ്ങിൽ ഗോപിനാഥ് മുതുകാടിന് പ. കാതോലിക്കാ ബാവാ സമ്മാനിച്ചു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി നടത്തുന്ന ക്രിയാത്മകമായ ഇടപെടലുകൾ പരിഗണിച്ചാണ് പുരസ്ക്കാരം.



പഞ്ചായത്ത്, നഗരസഭകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മാവേലിക്കര മെത്രാസനത്തിലെ വിവിധ ഇടവക അംഗങ്ങളായ ജനപ്രതിനിധികൾക്ക് മാവേലിക്കര ഭദ്രാസനം ആദരവ് നൽകി. എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷനായ യോഗം അല്മായ ട്രസ്റ്റി റോണി വർഗീസ് ഉദ്ഘാടനം ചെയ്തു. ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പ, മെത്രാസന സെക്രട്ടറി ഫാദർ ജോൺസ് ഈപ്പൻ, ഫാദർ ഐ. ജെ മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം ജോൺ തോമസ്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് അംഗം സിബി വർഗീസ് കറ്റാനം എന്നിവർ സംസാരിച്ചു. മാവേലിക്കര ഭദ്രാസനത്തിലെ വിവിധ ഇടങ്ങളിൽ നിന്ന് സഭാംഗങ്ങളായ 25 പേരാണ് ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത്.



ദേവലോകം കാതോലിക്കേറ്റ് അരമനയുടെ അസി. മാനേജരായും, പരിശുദ്ധ കാതോലിക്കാ ബാവായുടെ അസി. പ്രിൻസിപ്പൽ സെക്രട്ടറിയായും ഫാ. ഗീവർഗീസ് ജോൺസന് (ഫാ. ബൈജു ജോൺസൺ) പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധിക ചുമതല നൽകി. നിലവിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രൈവറ്റ് സെക്രട്ടറിയാണ്.



തിരുവനന്തപുരം ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കിരണം മെഴുകുതിരി നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം പരിശുദ്ധ കാതോലിക്കാ ബാവാ നിർവ്വഹിച്ചു.

കോട്ടയം ഭദ്രാസനം 150-ാം ഭദ്രാസനദിനം മീനടം പള്ളിയിൽ

ശതോത്തര സുവർണജൂബിലി കർമപദ്ധതികളുടെ ഉദ്ഘാടനവും 4-നു

മീനടം: കോട്ടയം ഭദ്രാസനത്തിന്റെ 150-ാം ഭദ്രാസന ദിനവും ശതോത്തര സുവർണ ജൂബിലി യോടനുബന്ധിച്ചുള്ള കർമപരി പാടികളുടെ ഔദ്യോഗിക ഉദ്ഘാടനവും ജനുവരി നാലിനു 2.30-നു മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും.

3-ാം തീയതി യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പുതുപ്പള്ളി വലിയ പള്ളിയിൽ നിന്നു മീനടം പള്ളിയിലേക്കു വിളംബര ഘോഷയാത്ര. വൈകിട്ട് 6-നു സമാപിക്കും. തുടർന്ന് ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് കാതോലിക്കേറ്റ് പതാക ഉയർത്തും.


4-നു സമ്മേളനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് അധ്യക്ഷത വഹിക്കും. ഭദ്രാസന കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉദ്ഘാടനം മന്ത്രി വി. എൻ. വാസവൻ നിർവഹിക്കും. ഭദ്രാസന കലണ്ടർ ചാണ്ടി ഉമ്മൻ എംഎൽഎ സമർപ്പിക്കും.

ഭവനരഹിതർക്കുള്ള വീടുനിർമാണത്തിനുള്ള ധനസമാഹരണത്തിനായി സെന്റ് ജോർജ് പള്ളിയിൽ വൈകിട്ടു നാലു മുതൽ ഭക്ഷ്യമേള സംഘടിപ്പിക്കും.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



1957 ജൂൺ

22 ശനി. പ്രഭാത നമസ്കാരത്തോടു കൂടി ജോഷ്വാ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. അബ്രഹാം കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും കുർബ്ബാനയിൽ സംബന്ധിച്ചു. മത്തായി കത്തനാരെ പരുമല മാനേജരുടെ സഹായത്തിനായി നാം അയയ്ക്കുകയും ചെയ്തു. മല്പാൻ നമ്മോടു കൂടി താമസിച്ചു.

23 ഞായർ (പാത്രിയർക്കീസ് മാർ അപ്രേം മരിച്ചത്). പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായറാഴ്ച ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. പത്തു മണിയോടു കൂടി വക്കീൽ നമ്പ്യാർ നമ്മെ കാണുന്നതിനായി വരുകയും ഉടൻതന്നെ പോകയും ചെയ്തു. എം. ഏബ്രഹാം വക്കീലും ഉണ്ടായിരുന്നു. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

24 തിങ്കൾ. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

25 ചൊവ്വ. നാം സുഖമായി താമസിച്ചു. പഴയസെമിനാരിയിൽ നിന്നും മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു (പാത്രിയർക്കീസ് മരിച്ച വിവരം പത്രം മുഖേന അറിഞ്ഞു).

26 ബുധൻ. മല്പാൻ യോഹന്നാൻ കത്തനാരും ജോഷ്വാ കത്തനാരും നമ്മോടു കൂടി താമസിച്ചു.

27 വ്യാഴം. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

28 വെള്ളി. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ ഉണ്ടായിരുന്നു. പരുമല നിന്നും കളത്തറ യാക്കോബ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. പള്ളത്തു നിന്നും തോമസ് കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു.

29 ശനി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിവസം ആയിരുന്നു. നാം ഏഴു മണിയോടു കൂടി പഴയസെമിനാരിയിൽ പോയി വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് കാപ്പിമേശയും കഴിഞ്ഞ് പത്തു മണിയോടു കൂടി ദേവലോകത്ത് വന്നുചേർന്നു. ദേവലോകം ചാപ്പലിൽ മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. മാങ്ങാനത്ത് പള്ളത്ത് തോമസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ബഥനിയിൽ നിന്ന് മത്തായി കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

30 ഞായർ. 12 ശ്ലീഹന്മാരുടെ ഓർമ്മദിവസമായിരുന്നതിനാൽ നാം രാവിലെ ഏഴു മണിയോടു കൂടി മാങ്ങാനം പള്ളിയിൽ പോകയും അവിടെ വി. കുർബ്ബാന അർപ്പിക്കുകയും കുർബ്ബാനമദ്ധ്യേ നാം അല്പസമയം പ്രസംഗിക്കുകയും ചെയ്തു. പത്തേമുക്കാൽ മണിയോടു കൂടി കുർബ്ബാന കഴിഞ്ഞ് നാം ദേവലോകത്തു വന്നുചേരുകയും ചെയ്തു. ദേവലോകം അരമന ചാപ്പലിൽ മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന ചൊല്ലി. മല്പാൻ നമ്മോടു കൂടി താമസിച്ചു.

1957 ജൂലൈ

1 തിങ്കൾ. ഇന്നു രാവിലെ ഏഴു മണിയോടു കൂടി തൃപ്പൂണിത്തുറയ്ക്കു പോകയും പത്തേമുക്കാൽ മണിയോടു കൂടി അവിടെ ചെന്നുചേരുകയും ചെയ്തു. രോഗിയായി കിടക്കുന്ന അളിയനെ കാണുകയും സുഖക്കേട് വിവരങ്ങൾ നാം അറികയും തൈലാഭിഷേക ശുശ്രൂഷകൾ നടത്തുകയും ചെയ്തു. ഉച്ചമേശയും കഴിഞ്ഞ് രണ്ടു മണിയോടു കൂടി അവിടെ നിന്നും തിരിച്ച് മൂവാറ്റുപുഴ വന്നു. തീമോത്തിയോസ് മെത്രാച്ചൻ ഇല്ലാഞ്ഞതിനാൽ ഉടനെതന്നെ കോട്ടയത്തിന് പോരുകയും നാലു മണിയോടു കൂടി വന്നുചേരുകയുമുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി തൃപ്പൂണിത്തുറയ്ക്കു വന്നിരുന്നു. പരുമല നിന്നും മാത്യൂസ് കത്തനാരും മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാരും വന്ന് നമ്മോടു കൂടി താമസിച്ചു. മല്പാൻ എം. ഡി. സെമിനാരി തുറക്കുന്നതു പ്രമാണിച്ച് സന്ധ്യയോടു കൂടി പോകയും ചെയ്തു.

2 ചൊവ്വ. നാം സുഖമായി താമസിച്ചു. പരുമല മാനേജർ മാത്യൂസ് കത്തനാർ കൊണ്ടുവന്ന കണക്കുകൾ നമ്മെ കാണിക്കയും ചെയ്തു. നമ്മുടെ സ്ലീബാ നന്നാക്കുന്നതിനായി മാത്യൂസ് കത്തനാരെ ഏല്പിക്കയും ചെയ്തു. അബ്രഹാം കത്തനാർ മൂലവട്ടത്തിനു നമ്മുടെ അനുവാദത്തോടു കൂടി പോകയും ചെയ്തു. ആലപ്പുഴ നിന്നും കൊറ്റാത്തുവിള തോമസ് കത്തനാർ വന്നിരുന്നു. കാർത്തികപ്പള്ളിയിൽ നിന്നും ഈപ്പൻ കത്തനാരും വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

3 ബുധൻ. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിവസം ആയിരുന്നു. വി. മൂന്നിന്മേൽ കുർബ്ബാന നടത്തുകയും ചെയ്തു. നാം നടുക്കുള്ള മദ്ബഹായിലും മല്പാൻ യോഹന്നാൻ കത്തനാർ തോമസ് കത്തനാർ എന്നിവരും ആയിരുന്നു കുർബ്ബാന അർപ്പിച്ചത്. സന്ധ്യാനമസ്കാരം കഴിഞ്ഞ് ഏഴു മണിയോടു കൂടി ക്ഷീരബലം എണ്ണ സേവിക്കാൻ തുടങ്ങുകയും ചെയ്തു.

4 വ്യാഴം. പതിവുപോലെ രാവിലെ ഏഴു മണിയോടു കൂടി ക്ഷീരബല സേവി

ച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു. വൈകിട്ട് ഏഴു മണിക്കും ക്ഷീരബല സേവിച്ചു.

5 വെള്ളി. 7 മണിയോടു കൂടി ക്ഷീരബല സേവിച്ചു. എം. വി. ജോർജ് കത്തനാർ വന്ന് തിയോളജിക്കൽ സെമിനാരിയുടെ കാര്യത്തെപ്പറ്റി നമ്മെ അറിയിച്ചു. ഏഴു മണിക്കു ക്ഷീരബല സേവിച്ചു.

6 ശനി. പതിവുപോലെ ഏഴു മണിക്കു ക്ഷീരബല സേവിച്ചു. പഴയസെമിനാരി മാനേജരും ജോഷാ കത്തനാരും വന്നിരുന്നു. വെങ്ങാഴിയിൽ ജോർജ് കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. വൈകിട്ട് ഏഴു മണിക്കു ക്ഷീരബല സേവിച്ചു.

7 ഞായർ. പെന്തിക്കോസ്തിക്കു ശേഷം നാലാം ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിക്കയും നാം കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു. കുർബ്ബാനമദ്ധ്യേ മല്പാൻ പ്രസംഗിക്കുകയുണ്ടായി. ഇന്നും പതിവുപോലെ എണ്ണ സേവിച്ചു.

8 തിങ്കൾ. പതിവുപോലെ ഏഴു മണിക്ക് എണ്ണ സേവിച്ചു. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. വൈകിട്ട് ഏഴു മണിക്ക് എണ്ണ സേവിച്ചു.

9. ചൊവ്വ. ഏഴു മണിക്ക് എണ്ണ സേവിച്ചു. പഴയസെമിനാരി മാനേജരും മണലിൽ യാക്കോബ് കത്തനാരും വന്ന് പണം കെട്ടിവയ്ക്കുന്ന കാര്യത്തെപ്പറ്റി അറിയിച്ചു. കൈവശം ഉണ്ടായിരുന്ന തുക അവരെ ഏല്പിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

10 ബുധൻ. പതിവുപോലെ ക്ഷീരബല സേവിച്ചു. ചെറിയപള്ളി വികാരി ഗബ്രിയേൽ കത്തനാരും പരുമല സെമിനാരി മാനേജരും അബ്രഹാം കത്തനാരും വന്ന് നമ്മോടു കൂടി താമസിച്ചു. വൈകിട്ട് ഏഴു മണിക്ക് ക്ഷീരബല സേവിച്ചു.

11 വ്യാഴം. പതിപുപോലെ ക്ഷീരബല സേവിച്ചു. കൗൺസിൽ ഉണ്ടെന്നു വിചാരിച്ച് ഈവാനിയോസ് മെത്രാച്ചൻ വന്നു. വെള്ളപ്പൊക്കം നിമിത്തം മറ്റ് മെത്രാച്ചന്മാർ വന്നില്ല. നാലു മണിയോടു കൂടി മെത്രാച്ചൻ പോയി. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

12 വെള്ളി. ഏഴു മണിക്ക് എണ്ണ സേവിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു. ഏഴു മണിക്കു ക്ഷീരബല സേവിച്ചു.

13 ശനി. ഏഴു മണിക്ക് ക്ഷീരബല സേവിച്ചു. പഴയസെമിനാരി മാനേജരും എത്തിയോപ്യയിൽ പോയിരിക്കുന്ന കുണ്ടറക്കാരൻ കോശി കത്തനാരും നമ്മെ കാണുന്നതിനായി വരികയും വിവരങ്ങൾ നമ്മെ അറിയിക്കുകയും ചെയ്തു.

വിദ്യാഭ്യാസ ബില്ലിനെപ്പറ്റി ആലോചിക്കുന്നതിനായി ഈവാനിയോസ് മെത്രാച്ചൻ ഇവിടെ വന്ന് വിവരം നമ്മെ അറിയിക്കയും ആയതിനുവേണ്ടി പോകയും വിവരം നമ്മെ അറിയിക്കയും ചെയ്തു. വൈകിട്ട് ക്ഷീരബല സേവിച്ചു.

14 ഞായർ. പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായർ ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിക്കയും നാം കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു. കുർബ്ബാനമദ്ധ്യേ പുലിക്കോട്ട് മെത്രാച്ചന്റെ ഓർമ്മദിവസം പ്രമാണിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. പടിഞ്ഞാറെക്കരയുണ്ടായ മരണത്തെപ്പറ്റി നമ്മെ അറിയിച്ചു.

15 തിങ്കൾ. ഏഴു മണിക്ക് ക്ഷീരബല സേവിച്ചു. പഴയസെമിനാരി മാനേജരും മണലിൽ ജേക്കബ് കത്തനാരും വന്നിരുന്നു. കേസിനു പണം കെട്ടിവയ്ക്കുന്ന കാര്യത്തെപ്പറ്റി അറിയിച്ചു. വൈകിട്ടു ഏഴു മണിക്കു ക്ഷീരബല സേവിച്ചു.

16 ചൊവ്വ. ഏഴു മണിക്ക് ക്ഷീരബല സേവിച്ചു. പഴയസെമിനാരി മാനേജരും യാക്കോബ് കത്തനാരും വന്നിരുന്നു. കെ. ദാവീദ് കത്തനാർ നമ്മോടു കൂടി താമസിച്ചു. വൈകിട്ട് ഏഴു മണിക്കു ക്ഷീരബല സേവിച്ചു.

17 ബുധൻ. പതിവുപോലെ ക്ഷീരബല സേവിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. നമ്മോടു കൂടി താമസിച്ചു. ഏഴു മണിക്ക് ക്ഷീരബല സേവിച്ചു.

18 വ്യാഴം. പതിവുപോലെ ക്ഷീരബല സേവിച്ചു. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും വന്നിരുന്നു. പഴയസെമിനാരി മാനേജർ വന്നിരുന്നു. എട്ടര മണിയോടു കൂടി പഴയസെമിനാരി മാനേജരും റ്റി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പായും വന്നു. അബ്രഹാം കോർ എപ്പിസ്ക്കോപ്പാ നമ്മോടു കൂടി താമസിച്ചു.

19 വെള്ളി. പഴയസെമിനാരി മാനേജർ വന്നിരുന്നു. എം. വി. ജോർജ് കത്തനാരും തിയോളജിക്കൽ സെമിനാരി വിദ്യാർത്ഥികളും നമ്മെ കാണുന്നതിനായി വന്നിരുന്നു. മൂലവട്ടത്തു അബ്രഹാം കത്തനാർ പരുമല നിന്നു നമ്മുടെ സ്ലീബാ കൊണ്ടുവന്നു നമ്മെ ഏല്പിച്ചു.

20 ശനി. നമ്മെ കാണുന്നതിന്, അമേരിക്കയിൽ നിന്നും വന്നിരുന്ന രണ്ടു കത്തോലിക്കാ അച്ചന്മാർ വന്നു. മല്പാൻ നമ്മോടു കൂടി താമസിച്ചു.

21. ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. 11 മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. മേശ കഴിഞ്ഞ് പോയി. ഏലിയാസ് കോർഎപ്പിസ്ക്കോപ്പാ, മല്പാൻ യോഹന്നാൻ കത്തനാർ, അബ്രഹാം കത്തനാർ എന്നിവർ നമ്മോടു കൂടി അരമനയിൽ താമസിച്ചു.

22 തിങ്കൾ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാരും ഏലിയാസ് കോർഎപ്പിസ്ക്കോപ്പായും നമ്മോടു കൂടി താമസിച്ചു.

23 ചൊവ്വ. പഴയസെമിനാരി മാനേജർ വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

24 ബുധൻ. പഴയസെമിനാരി മാനേജർ വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

25 വ്യാഴം. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

26 വെള്ളി. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജരും എം. വി. ജോർജ് കത്തനാരും കമ്മിറ്റിക്കാരും കൂടി നമ്മെ കാണുന്നതിനായി വന്നിരുന്നു. ഈവാനിയോസ് മെത്രാച്ചൻ ഏഴു മണിയോടു കൂടി വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. അബ്രഹാം കത്തനാരും പാലാട്ടി ജോർജ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

27 ശനി. കൊച്ചിമൂലയിൽ ഏലിയാസ് കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

28 ഞായർ. പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായറാഴ്ച ആയിരുന്നു. മല്പാൻ കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന മദ്ധ്യേ പണിക്കർ ശെമ്മാശൻ പ്രസംഗിച്ചു. ഏഴു മണിയോടുകൂടി പഴയസെമിനാരി മാനേജരും എം. വി. ജോർജ് കത്തനാരും കമ്മിറ്റിക്കാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

29 തിങ്കൾ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

30 ചൊവ്വ. ടി.

31 ബുധൻ. പഴയസെമിനാരി മാനേജരും മണലിൽ യാക്കോബ് കത്തനാരും നമ്മെ കണ്ട് സഭാസംബന്ധമായ കാര്യങ്ങൾ അറിയിച്ചു. കെ. കെ. ലൂക്കോസിന്റെ മകൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

ആഗസ്റ്റ് 1957

1 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. അത്താനാസിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. ഈവാനിയോസ് മെത്രാച്ചൻ സുഖമില്ലാഴികയാൽ വന്നില്ല. പ്രത്യേകമായിട്ടുള്ള കമ്മിറ്റി മീറ്റിംഗ് രണ്ടു മണിയോടു കൂടി കൂടി അതിൽ സംബന്ധിപ്പിക്കുന്നതിനായി തീമോത്തിയോസ് മെത്രാച്ചനെ കൊണ്ടുവന്നു. എം. വി. ജോർജ് കത്തനാരും, പഴയസെമിനാരി മാനേജരും വന്നിരുന്നു. പീലക്സിനോസ് മെത്രാച്ചനും തീമോത്തിയോസ് മെത്രാ

ച്ചനും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

2 വെള്ളി. ഏഴു മണിയോടു കൂടി വടശ്ശേരിക്കരയ്ക്കു തേവോദോസിയോസ് മെത്രാച്ചനെ കാണുന്നതിനു വേണ്ടി തീമോത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും, പഴയസെമിനാരി മാനേജരും കൂടി പോയിരുന്നു. നാലു മണിയോടു കൂടി വന്നു. നാലര മണിക്ക് മീറ്റിംഗ് ആരംഭിച്ചു. അത്താനാസിയോസ് മെത്രാച്ചനും വന്നിരുന്നു. ആറു മണിയോടു കൂടി എല്ലാം പര്യവസാനിച്ചു. തീമോത്തിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും നമ്മോടു കൂടി താമസിച്ചു.

3 ശനി. ഏഴു മണിയോടു കൂടി തീമോത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കൂടി ബിഷപ്പ് ജേക്കബ് തിരുമേനിയെ കാണുന്നതിനു പോയിരുന്നു. പത്തു മണിയോടു കൂടി വന്നുചേർന്നു. അത്താനാസിയോസ് കൂറിലോസ്, ഒസ്താത്തിയോസ് എന്നീ മെത്രാച്ചന്മാരും വന്നിരുന്നു. കമ്മിറ്റി മീറ്റിംഗ് കൂടി. എല്ലാവരും കൂടി ഈവാനിയോസ് മെത്രാച്ചനെ കാണുന്നതിനായി പോകയും ചെയ്തു. ഉടൻതന്നെ തിരിച്ചുവന്നു. പഴയസെമിനാരി മാനേജരും എം. വി. ജോർജ് കത്തനാരും വന്നിരുന്നു. നാലു മണിയോടു കൂടി കമ്മിറ്റി കഴിഞ്ഞു.

4 ഞായർ. പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായർ ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിച്ചു. പത്തര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു നാം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ പാത്താമുട്ടത്തെ റമ്പാച്ചനെ കാണുന്നതിനായി നമ്മുടെ അനുവാദത്തോടു കൂടി പോയി.

5 തിങ്കൾ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. കുറ്റിക്കണ്ടത്തിൽ അലക്സാണ്ടർ കത്തനാർ വന്നിരുന്നു. മകളുടെ വിവാഹം നടത്തിക്കൊടുക്കുന്ന കാര്യത്തെപ്പറ്റി നമ്മെ അറിയിച്ചു. ശരീരസുഖമുള്ളപക്ഷം നടത്തിത്തരാം എന്നു പറഞ്ഞു. മല്പാൻ നമ്മോടു കൂടി താമസിച്ചു.

6 ചൊവ്വ. മറുരൂപ പെരുന്നാൾ ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

7. ബുധൻ. നാം സുഖമായി താമസിച്ചു.

8 വ്യാഴം. രാവിലെ എട്ടു മണിയോടു കൂടി കാപ്പിമേശ കഴിഞ്ഞ് പാത്താമുട്ടത്ത് റമ്പാച്ചനെയും ജേക്കബ് തിരുമേനിയേയും കാണുന്നതിനായി പോയിരുന്നു. പ്രത്യേക പ്രാർത്ഥനകൾ നടത്തി. അബ്രഹാം കത്തനാർ നമ്മോടുകൂടി പോന്നിരുന്നു. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

9 വെള്ളി. റ്റി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. മലയാക്കു പോകുന്ന കാര്യം നമ്മെ അറിയിച്ചു. നാം അനുഗ്രഹിച്ച് അയച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

10 ശനി. നാം സുഖമായി താമസിച്ചു. മാരേട്ട് തോമസ് റമ്പാൻ നമ്മെ കാണുന്നതിന് വന്നിരുന്നു. ഉടനെതന്നെ പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരശേഷം നാം വിശ്രമിച്ചു.

11 ഞായർ. മറുരൂപ പെരുന്നാളിനു ശേഷം ഒന്നാം ഞായർ ആയിരുന്നു. മല്പാൻ കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. പെരുന്നാൾ സംഗതിയെക്കുറിച്ച് നാം പള്ളിയിൽ പ്രത്യേകം പ്രസ്താവിച്ചു. നാലു മണിയോടു കൂടി പെരുന്നാൾ പ്രമാണിച്ചുള്ള കൊടിമരം ഇടുകയും കുറെ ആളുകൾ സംബന്ധിച്ചിരുന്നു. അബ്രഹാം കത്തനാർ ഉണ്ടായിരുന്നു. ഇ. പി. ജേക്കബ് കത്തനാർ നമ്മെ കാണുന്നതിന് വന്നിരുന്നു. ഇവിടെ വച്ച് ഒരു തലകറക്കം തോന്നുകയും ഉടനെതന്നെ ആശുപത്രിയിലാക്കുകയും ചെയ്തു. മല്പാൻ നമ്മോടു കൂടി താമസിച്ചു.

12 തിങ്കൾ. അസോസെലിന്റെ ഓർമ്മ ആയിരുന്നു (മാർ അസസായേൽ സഹദായുടെ ഓർമ്മ. ദൈവമാതാവിന്റെ വാങ്ങിപ്പിനു മുമ്പുള്ള തിങ്കളാഴ്ച ആണ് ഇത് ആചരിക്കുന്നത്. In Greek and Latin tradition the saint is Pancras. In the Syriac traditions he is known as Mor Izozoel (Mar Azazael), remembered on 12 May and 12 August. – എഡിറ്റർ). മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിച്ചു. എം. വി. ജോർജ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഇ. പി. ജേക്കബ് കത്തനാരെ കാണുന്നതിനായി ആശുപത്രിയിലേക്കു പോകയും വിവരങ്ങൾ അറിയുകയും ചെയ്തു. അവിടെ നിന്നും തിരിച്ച് എം. ഡി. സെമിനാരിയിൽ കയറി. അത്താനാസിയോസ് മെത്രാച്ചനെ കാണുകയും ഉടനെതന്നെ ദേവലോകത്തേക്കു പോരുകയും ചെയ്തു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

13 ചൊവ്വ. ഇന്ന് അബ്രഹാം കത്തനാർ നമസ്കാരത്തോടു കൂടി കുർബ്ബാന ചൊല്ലുകയും നാം കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു. പഴയസെമിനാരി മാനേജരും ചെറിയപള്ളി വികാരി ഗബ്രിയേൽ കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

14 ബുധൻ. അബ്രഹാം കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. പഴയസെമിനാരി മാനേജരും മല്പാൻ യോഹന്നാൻ കത്തനാരും വന്നിരുന്നു. പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും തിയോളജിക്കൽ സെമിനാരി വിദ്യാർത്ഥികളും വന്നു. ആറു മണിയോടു കൂടി സന്ധ്യാനമസ്കാരം ആരംഭിച്ചു. നമസ്കാരശേഷം എം. വി. ജോർജ് കത്തനാർ പ്രസംഗിച്ചു. അതിനെ തുടർന്ന് റാസ ആരംഭിച്ചു. ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. ചെറിയതോതിൽ കരിമരുന്ന് പ്രയോഗവും ഉണ്ടായിരുന്നു. പീലക്സിനോസ് മെത്രാച്ചനും മല്പാനും നമ്മോടു കൂടി താമസിച്ചു.

15 വ്യാഴം. ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ പെരുന്നാൾ ആയിരുന്നു (ശൂനോയൊ). രാവിലെ ഏഴു മണിയോടു കൂടി പ്രഭാത നമസ്കാരം ആരംഭിച്ചു. അബ്ദൽ മ്ശിഹാ പാത്രിയർക്കീസിന്റെ ഓർമ്മയും കൂടി ആയിരുന്നു. നാം നടുക്കുള്ള ത്രോണോസിലും ഇരുവശങ്ങളിലുമുള്ള ത്രോണോസിൽ പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും വി. കുർബ്ബാന അർപ്പിക്കയുണ്ടായി. ഈവാനിയോസ് മെത്രാച്ചൻ പെരുന്നാളിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. കുർബ്ബാനമദ്ധ്യേ പീലക്സിനോസ് മെത്രാച്ചൻ പ്രസംഗിക്കയുണ്ടായി. അനവധി ആളുകളും പട്ടക്കാരും പെരുന്നാളിൽ സംബന്ധിച്ചിരുന്നു.

അബ്ദൽ മശിഹാ ബാവായുടെ ഓർമ്മയും കൂടിയായിരുന്നതിനാൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി. പതിനൊന്നേമുക്കാൽ മണിക്ക് കുർബ്ബാന കഴിഞ്ഞ് ഉടനെതന്നെ റാസയും ആരംഭിച്ചു. അനന്തരം നാം വിശ്രമിക്കയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

16 വെള്ളി. സുന്നഹദോസ് കൂടുന്നതിനായി ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും വന്നിരുന്നു. കോറം തികയാഞ്ഞതു നിമിത്തം സുന്നഹദോസ് നടത്തുവാൻ സാധിച്ചില്ല. രണ്ടു മണിയോടു കൂടി എല്ലാവരും പോയി. രണ്ടര മണിയോടു കൂടി കൂറിലോസ് മെത്രാച്ചൻ വന്നു. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു. പഴയസെമിനാരി മാനേജരും കോട്ടയം ഭദ്രാസന സെക്രട്ടറി കോശി കത്തനാരും വന്നിരുന്നു. നമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

17 ശനി. കൂറിലോസ് മെത്രാച്ചൻ ബോംബെയിലെ ബിഷപ്പ് വരാൻ താമസിച്ചതു നിമിത്തം രണ്ടര മണിയോടു കൂടി അടൂർക്കു പോയി. ഏഴര മണിയോടു കൂടി ബിഷപ്പും .... കത്തനാരും കൂടി നമ്മെ കാണുന്നതിനായി വന്നിരുന്നു. കുറച്ചുസമയം സംസാരിച്ചശേഷം നമ്മോടു കൂടി കാപ്പിമേശ കഴിച്ചു. ഉടനെതന്നെ പോകയും ചെയ്തു. റൂമേനിയൻ കുരിശുകൾ നാം കൊടുക്കുകയും ചെയ്തു. ജോഷ്വാ കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

18 ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിക്കയും കുർബ്ബാനമദ്ധ്യേ അര മണിക്കൂർ പ്രസംഗിക്കുകയും ചെയ്തു. രണ്ടു മണിയോടു കൂടി പരുമലസെമിനാരിയിലേക്കു പോരുകയും പള്ളത്തു വച്ച് മത്തായി കത്തനാരെ കൂടി നമ്മുടെ വണ്ടിയിൽ കയറ്റിക്കൊണ്ടു പോന്നു. നാലു മണിയോടു കൂടി പരുമല സെമിനാരിയിൽ വന്നു ചേർന്നു. പരുമല സെമിനാരി മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

(തുടരും)



വലിയ ബാവായുടെ വിശുദ്ധി പകരുന്ന ജീവിതയാനം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭയിൽ കല്ലാശ്ശേരി ബാവാ, കുറിച്ചി ബാവാ, വലിയ ബാവാ എന്നീ പേരുകളിൽ അറിയപ്പെട്ട പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ (1874–1964) ഡയറിക്കുറിപ്പുകൾ വിളിച്ചറിയിക്കുന്നത് മലങ്കരസഭയുടെ സാമൂഹിക ചരിത്രമാണ്. മലയാള സാഹിത്യ ചരിത്രത്തിൽ കത്തുകളുടെ രൂപത്തിൽ ആദ്യമായി യാത്രാവിവരണം എഴുതിയതും ഗീവർഗീസ് ദ്വിതീയൻ ബാവായാണ്. അദ്ദേഹം 1908 മാർച്ച് 26-ന് ഊർശ്ലേമിലേക്ക് യാത്ര തിരിച്ച് ജൂലൈ 19-ന് തിരിച്ചെത്തിയതിന്റെ ദീർഘമായ യാത്രാനുഭവങ്ങളാണ് *യറുശലേം കത്തുകളി*ലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

പ്രശസ്ത ചരിത്രകാരനും മാധ്യമ പ്രവർത്തകനുമായ ജോയ്സ് തോട്ടയ്ക്കാട് കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന *വലിയ ബാവായുടെ ഡയറിക്കുറിപ്പുകൾ* 1956 മെയ് 18 മുതൽ 1961 ജൂൺ 28 വരെയുള്ള ദിവസങ്ങളിലെ അനുദിന സംവേദനങ്ങളാണ്. നിരന്തരമായി എഴുതുവാനും കൃത്യമായി വിവരങ്ങൾ ശേഖരിച്ച് അടയാളപ്പെടുത്തുവാനും അനിതരസാധാരണമായ സിദ്ധിവൈഭവമുണ്ടായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകൾ സഭാചരിത്രത്തിന്റെ വിവിധ തലങ്ങളാണ് വെളിപ്പെടുത്തുന്നത്.

സ്വകാര്യമായ ദർശനങ്ങളും അഭിപ്രായങ്ങളുമാണ് ഡയറിക്കുറിപ്പിൽ ഉൾക്കൊള്ളുന്നത് എങ്കിലും അത് ഒരു കാലഘട്ടത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചരിത്രത്തെയാണ് അടയാളപ്പെടുത്തുന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ നടത്തിയ വിവാഹം, തൈലാഭിഷേകം, ശവസംസ്കാരം, ഓർമ്മകുർബ്ബാന, പട്ടംകൊട, വൈദിക കബറടക്കം, പള്ളികൂദാശ, സന്ദർശനങ്ങൾ തുടങ്ങി നിരവധി സ്വകാര്യതകൾ കൃത്യമായി ആലേഖനം ചെയ്തിരിക്കുന്ന ഈ ഡയറിക്കുറിപ്പുകൾ വിവിധ ദേശങ്ങളുടെയും പള്ളികളുടെയും കുടുംബങ്ങളുടെയും അടിസ്ഥാന രേഖയായിത്തീരുന്നു.


പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ദർശനങ്ങൾക്കും കാഴ്ചപ്പാടുകൾക്കും അടിത്തറ ലഭ്യമായത് ഗുരുക്കന്മാരായ പുലിക്കോട്ടിൽ ജോസഫ് മാർ മാർ ദീവന്നാസിയോസ് (1833–1909), പ. പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (1848–1902), പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് (1858–1934) എന്നിവരിൽ നിന്നുമായിരുന്നു. ഈ ഗുരുപരമ്പരയുടെ അമൂല്യസിദ്ധിവിശേഷങ്ങളായ വിശുദ്ധജീവിതം, വേദപരിജ്ഞാനം, പ്രഭാഷണപാടവം, ഗ്രന്ഥരചനാസിദ്ധി, സാമൂഹിക കാഴ്ചപ്പാട് എന്നിവ ശിഷ്യനായ വലിയ ബാവായിലേക്കും അനുസ്യൂതം സംക്രമിച്ചു. അജപാലനരംഗത്ത് 16 വർഷം മെത്രാപ്പോലീത്തായായും (1912–1929), 34 വർഷം കാതോലിക്കായായും (1929–1964) അതിൽ 28 വർഷം മലങ്കര മെത്രാപ്പോലീത്തായായും (1934 ഡിസംബർ 28 – 1964 ജനുവരി 3) മലങ്കരസഭയെ നയിച്ച യുഗപ്രഭാവവാനായ പ. വലിയ ബാവായുടെ രചനകളും ഡയറിക്കുറിപ്പുകളും സമഗ്രമായി കണ്ടെടുത്തു പ്രസിദ്ധീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കേരളത്തിന്റെ ദേശീയ സാമൂഹിക രംഗത്തും ആദ്ധ്യാത്മിക രംഗത്തും വിശുദ്ധി പകർന്ന പ്രതിഭാശാലിയായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകൾ ആ ധന്യ ജീവിതവും കർമ്മശേഷിയും വെളിപ്പെടുത്തുന്നു:

1. സ്വകാര്യ ജീവിതക്രമം

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്വകാര്യ ജീവിതത്തിന്റെ ഒരു ദിവസം ആരംഭിക്കുന്നത് വെളുപ്പിന് നാലു മണിയോടെയാണ്. എല്ലാ ദിവസവും കൃത്യം 10 മണിയോടെ ഉറങ്ങും. ഇക്കാര്യങ്ങൾ കൃത്യമായി ഡയറിക്കുറിപ്പിൽ എഴുതിയിട്ടുണ്ട്. രാവിലത്തെ നമസ്കാരം, പത്രവായന, കാപ്പി, മരുന്ന്, കുത്തിവെയ്പ്, എഴുത്തുകൾക്ക് മറുപടി, സന്ദർശകരെ കാണൽ, സന്ധ്യാ നമസ്കാരം, കുളി, അത്താഴം, പുസ്തകവായന, സൂത്താറ, ഉറക്കം എന്നിങ്ങനെയാണ് ദേവലോകത്തെ ഒരു സാധാരണ ദിവസത്തിന്റെ ക്രമം.

എവിടെപ്പോയാലും കൃത്യമായി വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്യുമായിരുന്നു. ഡയറിക്കുറിപ്പിൽ അനവധി പ്രാവശ്യം ആവർത്തിക്കുന്ന വാക്കുകളാണ്: വിശ്രമിച്ചു, അല്പസമയം വിശ്രമിച്ചു; സുഖമായി താമസിച്ചു, സുഖമായി ഉറങ്ങി എന്നിവ. വിവാഹ കൂദാശ നടത്തുവാൻ നേരത്തെ ചെല്ലും. അല്പം വിശ്രമിച്ചശേഷം വിവാഹ ശുശ്രൂഷ. ഭക്ഷണം കഴിഞ്ഞും വിശ്രമം. അതിനുശേഷം യാത്ര. വി. കുർബ്ബാന കഴിഞ്ഞു വിശ്രമം. വിശ്രമവും ഉറക്കവും കൃത്യമായി പരിപാലിച്ചതാണ് പ. വലിയ ബാവായുടെ ആരോഗ്യ ജീവിതത്തിന്റെ മഹാരഹസ്യം.



ഓരോ സ്ഥലങ്ങളിൽ എത്തുമ്പോഴും സന്ദർശകരായി എത്തുന്ന പ്രമുഖർ പ. ബാവായോടൊപ്പം താമസിച്ചിരുന്നു. ദേവലോകത്ത് ദീർഘയാത്ര ചെയ്ത് എത്തുന്ന സന്ദർശകർക്ക് പ. ബാവായോടൊത്ത് താമസം ക്രമീകരിച്ചിരുന്നു. സന്ദർശകരുടെ കൃത്യമായ പേരും വിവരങ്ങളും ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മാതാപിതാക്കളുടെ ഓർമ്മദിവസം കൃത്യമായി കുറിച്ചി പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുമായിരുന്നു. 1957 ഒക്ടോബർ 12 ശനിയാഴ്ച അമ്മയുടെ ഓർമ്മദിവസം രാവിലെ കുർബ്ബാന അർപ്പിച്ചു. 'ശവക്കോട്ടയിൽ പോയി പ്രത്യേകം പ്രാർത്ഥന നടത്തി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അപ്പന്റെ

ഓർമ്മ 1958 ജനുവരി 14-ന് നടന്നില്ല എന്ന വിവരവും ഉണ്ട്. 1958 ജൂൺ 15-നുള്ള ഡയറിക്കുറിപ്പിൽ: 'നമുക്ക് 84 വയസ്സ് ഇന്നു തികയുന്ന ദിനമായിരുന്നതുകൊണ്ട് കർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. യാചകകേന്ദ്രത്തിൽ നമുക്കുവേണ്ടി ഒരു സദ്യ നടത്തുന്നുണ്ട്.'

വളരെ ലളിതവും സുതാര്യവുമായ സ്വകാര്യ ജീവിതക്രമമാണ് ഗീവർഗീസ് ദ്വിതീയൻ ബാവായുടേത്. സൗഹൃദങ്ങളും വ്യക്തിബന്ധങ്ങളും ജാതിമതഭേദങ്ങൾക്കപ്പുറമായിരുന്നു. പ്രാർത്ഥനയും ലളിതജീവിതവും വിശുദ്ധിയും പരിരക്ഷിച്ചുള്ള നടപടിക്രമങ്ങൾ പ. വലിയ ബാവാ നിലനിർത്തിയെന്ന് ഡയറിക്കുറിപ്പുകൾ വെളിപ്പെടുത്തുന്നു.

സന്ദർശകരെ കൊണ്ടുവരുന്നവരുടെയും സമ്മാനങ്ങളുടെയും ദീർഘമായ വിവരണങ്ങൾ ഡയറിയിലുണ്ട്. ശെമ്മാശന്മാരുടെ കല്യാണസമയത്ത് സമ്മാനമായി മോതിരം നൽകിയിരുന്നു. വ്യക്തിബന്ധം അഗാധമായി സൂക്ഷിച്ചിരുന്ന പ. ബാവാ തിരുമേനിക്ക് സമ്മാനങ്ങൾ കൊടുക്കുവാനും സ്വീകരിക്കുവാനുമുള്ള വിശാലഹൃദയം ഉണ്ടായിരുന്നു.

2. ക്രമമായ ആരാധനയും പ്രഭാഷണവും

പൗരസ്ത്യ ആദ്ധ്യാത്മികതയും യോഗാത്മകതയും ജീവിതത്തിൽ ഉൾക്കൊണ്ട പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ആരാധനയും പ്രഭാഷണവും അതീവ ഹൃദ്യമായിരുന്നു. ആരാധന കൃത്യസമയത്ത് ആരംഭിക്കും. വി. കുർബ്ബാന പത്ത് പത്തര മണിയോടെ സമാപിക്കും. എല്ലാ ഞായറാഴ്ച ദിനങ്ങളിലും വി. കുർബ്ബാനയിൽ അര മണിക്കൂർ പ്രസംഗിക്കും. ഡയറിക്കുറിപ്പിൽ കുർബ്ബാനമദ്ധ്യേ അര മണിക്കൂർ നാം പ്രസംഗിച്ചു എന്നും 'പത്ത് മണിയോടെ കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു' എന്നും ആവർത്തിക്കുന്നുണ്ട്.

1957-ലെ എട്ടുനോമ്പിന്റെ പ്രാരംഭ ദിവസം പുതിയകാവ് പള്ളിയിലും സെപ്റ്റംബർ 8-ന് ദേവലോകം ചാപ്പലിലും കുർബ്ബാനമദ്ധ്യേ അരമണിക്കൂർ പ്രസംഗിച്ചു. 'ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എട്ടുനോമ്പിന്റെ പല ദിവസങ്ങളിലും വി. കുർബ്ബാന അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. 1957-ലെ സ്ലീബാ പെരുന്നാളിന് പുത്തൻകാവ് പള്ളിയിൽ ആയിരുന്നു. ഡയറിയിൽ എഴുതി: 'ബസ്മൽക്കോയ്ക്ക് ഇടയ്ക്ക് സ്ലീബാ ആഘോഷ ശുശ്രൂഷ നടത്തി. പത്തരമണിയോടെ സമാപിച്ചു.' അക്കാലത്ത് പല പള്ളികളിലും വി. മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. അതിന് മുഖ്യനേതൃത്വം നൽകുകയും ചെയ്തിരുന്നു. മോറാനായ പെരുന്നാളുകളിൽ അന്നും ഇന്നത്തെപ്പോലെ വിശ്വാസികളുടെ സാന്നിധ്യം ശുഷ്ക്കമായിരുന്നു.

ജൂലൈ മൂന്നിനും ഡിസംബർ 18 മുതൽ 20 വരെയും മാർത്തോമ്മായുടെ പെരുന്നാൾ ആചരിച്ചിരുന്നതായി ഡയറി വ്യക്തമാക്കുന്നു. 'മാർത്തോമ്മാ ശ്ലീഹായുടെ ഭാഗ്യമരണം പ്രാപിച്ച ദിവസം' എന്നാണ് എഴുതിയിരിക്കുന്നത്. പിതാക്കന്മാരുടെ പെരുന്നാളുകൾ ഞായറാഴ്ചകളിൽ വന്നാലും ആ ദിവസം പെരുന്നാളായി ആചരിച്ചിരുന്ന പതിവാണ് അക്കാലത്ത് നിലവിലിരുന്നതെന്ന് ഡയറിയിൽ നിന്നും മനസ്സിലാക്കാം. 1957 നവംബർ 24 ഞായറാഴ്ച ആയിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ പെരുന്നാൾ പഴയസെമിനാരിയിൽ നടത്തിയത്. 1958 ഫെബ്രുവരി 23 ഞായർ ആയിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാൾ. ഡയറിയിൽ നിന്നും: "1958 ഫെബ്രുവരി 23 ഞായർ. വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസ് മെത്രാച്ചന്റെ ഓർമ്മദിവസമായിരുന്നു. വി. മൂന്നിന്മേൽ കുർബ്ബാനയുണ്ടായിരുന്നു. കുർബ്ബാന കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചൻ പ്രസംഗിക്കുകയും കബറിങ്കൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയും തുടർന്ന് റാസായും മറ്റ് ചടങ്ങുകളും ഉണ്ടായിരുന്നു. 11 മണിയോടുകൂടി പെരുന്നാൾ ചടങ്ങുകൾ അവസാനിച്ചു. ഗർബോ ഞായറാഴ്ചയും ആയിരുന്നു. പെരുന്നാളിൽ ധാരാളം ആളുകൾ സംബന്ധിച്ചു. 12 1/2 മണിയോടു കൂടി നാം ദേവലോകം അരമനയിൽ വന്നു വിശ്രമിച്ചു." 1957-ലെ പരുമല പെരുന്നാളിന് നവംബർ 2-ന് വെളുപ്പിന് അഞ്ചിനു കുർബ്ബാനയും 7-ന് മൂന്നിന്മേൽ കുർബ്ബാനയും ഉണ്ടായിരുന്നു. ഉച്ചയ്ക്ക് റാസയും. അക്കാലത്ത് മലങ്കര ഓർത്തഡോക്സ് സഭയിലെ പള്ളികളിൽ പ്രധാന പെരുന്നാളുകൾ ഞായറാഴ്ച നടത്തിയിരുന്നു എന്നും അത് വലിയനോമ്പിലും ഞായറാഴ്ചകളിൽ നടത്തിയിരുന്നുവെന്നു ഡയറികൾ വെളിപ്പെടുത്തുന്നു. വൈദിക സെമിനാരി വാർഷിക മീറ്റിംഗുകളിൽ പതിവായി ബാവാ പങ്കെടുത്തിരുന്നു. 1958 മാർച്ച് 7-നു പങ്കെടുത്ത വിവരം വിവരിക്കുന്നു. വി. മാർത്തോമ്മാ ശ്ലീഹായുടെയും പിതാക്കന്മാരുടെയും പെരുന്നാൾ വളരെ ലളിതമായി നടത്തിയ ചരിത്രമാണ് ഡയറിക്കുറിപ്പുകളിലൽ തെളിയുന്നത്. പരുമല പെരുന്നാളിനു ശേഷം പതിവായി സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ സമ്മേളനം നടത്തിയതിന്റെ വിവരണങ്ങൾ ഉണ്ട്. പല മീറ്റിംഗുകളിലും ഉച്ചഭാഷിണി ക്രമീകരിച്ചതിന്റെ സൂചനകളും ഉണ്ട്. മലങ്കരസഭയിൽ നിലനിന്ന ആരാധനാനുഭവങ്ങളുടെ വ്യക്തമായ ചിത്രം ഡയറിക്കുറിപ്പിൽ നിന്നും ലഭ്യമാകുന്നു.

3. സഭയുടെ ഭരണവും ചട്ടംകെട്ടുകളും

സഭയുടെ ഭരണക്രമങ്ങളും നടപടിചട്ടങ്ങളും സുതാര്യമായും ക്രമമായും നടത്തണമെന്ന് നിഷ്ക്കർഷിച്ചിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഭരണകാലത്ത് മെത്രാപ്പോലീത്തന്മാർ എല്ലാവരും പതിവായി ബാവായെ സന്ദർശിക്കുകയും ഇടവക ഭരണകാര്യങ്ങൾ പങ്കിടുകയും ചെയ്തു. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്ന അവസരങ്ങളിൽ ഭദ്രാസനകേന്ദ്രങ്ങളിൽ താമസിക്കുകയും അവിടെ വച്ച് സന്ദർശകരെ സ്വീകരിക്കുകയും ചെയ്തിരുന്നു. വർഷത്തിൽ പല പ്രാവശ്യമായി ഏകദിന സുന്നഹദോസും സഭാ മാനേജിംഗ് കമ്മിറ്റിയും നടത്തി. രണ്ടും വൈകിട്ട് അഞ്ചരയോടെ മാത്രമേ സമാപിച്ചിരുന്നുള്ളു. അടുത്തടുത്ത ദിവസങ്ങളിലാണ് ഇവ നടത്തിയിരുന്നത്.

പ്രത്യേക കാര്യങ്ങൾ ആലോചിക്കുമ്പോൾ വൈദികരെ കൂടി ഉൾപ്പെടുത്തി സുന്നഹദോസ് നടത്തിയിരുന്നു: *ഗീവർഗീസ് റമ്പാച്ചൻ, സി. റ്റി. ഈപ്പൻ കത്തനാർ, മണലിൽ യാക്കോബ് കത്തനാർ, മാനേജർ കത്തനാർ, യോഹന്നാൻ മല്പാൻ, എം. വി. ജോർജ് കത്തനാർ ... മറ്റ് ആളുകളും കൂടി സുന്നഹദോസ് ആലോചിച്ചു* (ആഗസ്റ്റ് 16, 17. 1956). എപ്പിസ്ക്കോപ്പൽ കൗൺസിലിലും വൈദികരും അത്മായരും ആവശ്യാനുസൃതം പങ്കെടുത്തിരുന്നു. *എല്ലാവരും കൂടി പല കാര്യങ്ങൾ ആലോചിച്ച് അഞ്ചു മണിക്ക് തിരിച്ചുപോയി* എന്ന് പലയിടത്തും രേഖപ്പെടുത്തിയിരിക്കുന്നു.

സണ്ടേസ്കൂൾ അദ്ധ്യാപക അസോസിയേഷൻ, വിശ്വാസ സംരക്ഷകസംഘം, വൈദിക സെമിനാരി വാർഷിക സമ്മേളനം എന്നിവയുടെ വിവരണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളുടെ കൃത്യമായ വിവരണം ഡയറിയിൽ എഴുതിയിട്ടുണ്ട്. 1958 ഏപ്രിൽ 16-ലെ കുറിപ്പ് ശ്രദ്ധേയമത്രേ: "നമ്മുടെ കൈയിൽ പരുമല നിന്നും കിട്ടിയ 1500 രൂപായും കൈപ്പെട്ടിയിൽ ഇരുന്ന 412 രൂപായും ഉൾപ്പെടെ 2112 രൂപാ ബാങ്കിൽ ഇടുവാൻ ജോർജിന്റെ കൈവശം കൊടുത്തയച്ചു."

നല്ലില, കാരൂർ പള്ളികളുടെ കൂദാശയ്ക്ക് 101 രൂപാവീതം ലഭിച്ചതും ഒരു കല്യാണത്തിന് 126 രൂപാ കൈമുത്തും മറ്റൊരു കല്യാണത്തിന് 101 രൂപായും വധു 25 രൂപായും കൈമുത്ത് നൽകിയതായും രേഖപ്പെടുത്തിയിരിക്കുന്നു. സന്ദർശിക്കുന്ന പള്ളികളിൽ നിന്നും കേസ് നടത്തിപ്പിനുള്ള പണവും റിശീസായും ലഭിച്ചിരുന്നു. ചില സ്ഥലങ്ങളിൽ നിന്ന് പെട്രോൾ ചാർജ് പ്രത്യേകം നൽകിയതായും എഴുതിയിട്ടുണ്ട്. പുതപ്പ്, നെയ്യ്, തേൻ, വീഞ്ഞ്, പവൻ എന്നിവ എല്ലാം സന്ദർശകർ കാഴ്ചയായി പ. ബാവായ്ക്ക് നൽകിയിട്ടുണ്ട്. അതിന്റെ വിശദവിവരം ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സഭയുടെ പാരമ്പര്യവും വിശ്വാസ അനുഷ്ഠാനങ്ങളും പാലിക്കപ്പെടണമെന്ന നിർബന്ധം പ. ബാവായ്ക്ക് ഉണ്ടായിരുന്നു. 1958 ഏപ്രിൽ 17-ന് എഴുതി: "അച്ചന്മാർക്കുവേണ്ടിയുള്ള ഒരു കല്പന നാം എഴുതിച്ചു. അതായത് അച്ചനായ ശേഷം വിവാഹം ചെയ്തവരും, മീശ വളർത്താത്തവരും ആയവർ സഭയെ കേൾക്കാത്തവരാണ്. അവർ ശപിക്കപ്പെട്ടവരാണ്. അങ്ങനെയുള്ളവർ യാതൊരു പള്ളികർമ്മങ്ങളും അനുഷ്ഠിക്കരുത്. ആയതിൽ ആരും സംബന്ധിക്കുകയും അരുത് എന്ന് എഴുതിച്ചു ആഫീസിൽ ഏല്പിച്ചു. ചില ഭേദഗതികൾ വരുത്തണമെന്ന് എല്ലാവരും നമ്മോടാവശ്യപ്പെട്ടു. സഭയുടെ ചട്ടംകെട്ടുകൾക്ക് യാതൊരു വള്ളിക്കും പുള്ളിക്കും വ്യത്യാസവും അഴിവും വരുത്തുവാൻ നിവൃത്തിയില്ല എന്ന് ദൃഢമായി പറഞ്ഞു." തീരുമാനങ്ങളിൽ ഉറച്ചുനിൽക്കുവാനുള്ള ദൃഢനിശ്ചയമാണ് പ. ബാവായുടെ ഭരണമഹത്വം. 1958 ഏപ്രിൽ 29-ലെ സുന്നഹദോസിലെ നിശ്ചയത്തിന്റെ ഒരു കുറിപ്പ് ഡയറിയിൽ ഇപ്രകാരമാണ്: "സുന്നഹദോസിൽ പട്ടക്കാരുടെ വേഷം, മീശ, തൊപ്പി, തലമുടി ഇവയ്ക്കു യാതൊരു പരിഷ്ക്കരണവും വരുത്തിക്കൂടായെന്നും ചർച്ച ചെയ്തു."

ഇങ്ങനെ സഭയുടെ സുപ്രധാനമായ പലതും ഡയറിയിൽ ചുരുളഴിയുന്നുണ്ട്. സുപ്രീംകോടതിയിലെ കേസിന്റെ ചെലവിലേക്കു 30,000 രൂപായോളം വക്കീൽ ഫീസിനും മറ്റും വേണമെന്ന് 1958 ആഗസ്റ്റ് ഒന്നിൽ എഴുതിയിട്ടുണ്ട്.

ആഗസ്റ്റ് 7-ന് ഉണ്ടായ ഉരുൾപൊട്ടലിൽ കഷ്ടപ്പെടുന്ന ആളുകൾക്ക് വൈദിക സെമിനാരിയിലെ അച്ചന്മാരും ശെമ്മാശന്മാരും പണം പിരിച്ച് ആ സ്ഥലങ്ങളിൽ എത്തിച്ചു കൊടുത്തതായും പറയുന്നു.

വിശുദ്ധ സഭയ്ക്ക് എതിരായും സഭയിൽ ഉണ്ടായ സമാധാനത്തിനെതിരായും പ്രവർത്തിക്കുന്നവരുടെമേൽ ദൈവത്തിൽ നിന്നും കോപം ഉണ്ടാകുമെന്ന് ഉപദേശിക്കുന്നു (11 സെപ്റ്റംബർ 1960). വ്യക്തികളുമായി പങ്കുവെച്ച സ്വകാര്യ സംഭാഷണത്തിലെ പ്രസക്ത ഭാഗങ്ങളും സന്ദേശവും ഡയറിയിൽ പ്രതിഫലിക്കുന്നുണ്ട്. *അമേരിക്കയിൽ പഠിക്കാൻ പോയതിനു ശേഷം റ്റി. ജെ. ജോഷ്വാ കത്തനാർ തിരികെ വന്നു നമ്മെ കണ്ടു. അയാൾ പാത്രിയർക്കീസിനെ കണ്ട വിവരം ദീർഘനേരം സംസാരിച്ചു. പാത്രിയർക്കീസ് ബാവായിൽ നിന്നും മലങ്കരസഭയ്ക്ക് ഒരു നന്മയും ഉണ്ടാകുകയില്ല എന്നുള്ള അഭിപ്രായമാണ് പൊതുവെ സംസാരത്തിൽ നിന്നു അഭിപ്രായപ്പെട്ടതെന്നും ജോഷ്വാ കത്തനാർ നമ്മോട് പറഞ്ഞു* എന്നും ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സഭയുടെ ചട്ടക്കൂടുകളും ഭരണതന്ത്രങ്ങളും യുവജന വിദ്യാർത്ഥികളെ അവസരം കിട്ടുമ്പോൾ അദ്ദേഹം പ്രബോധിപ്പിച്ചിരുന്നു. 1961-ലെ യുവജന കോൺഫറൻസിൽ *യുവജനങ്ങൾ എല്ലായ്പ്പോഴും സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളണമെന്ന്* പഠിപ്പിച്ചു. ഇത്തരത്തിലുള്ള സൂക്തങ്ങൾ ഡയറിയിൽ പലയിടത്തും കണ്ടെത്തുവാൻ കഴിയും.

4. എഴുത്തിന്റെ സിദ്ധിയും ശൈലിയും

പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ഹൃദ്യമായി പ്രസംഗിക്കുന്നതുപോലെ എഴുതുവാനുള്ള സിദ്ധിയും ശൈലിയും ആർജ്ജിച്ചിരുന്നു. ഹ്രസ്വവും സുന്ദരവുമായ എഴുത്തുകളാണ് ഡയറിക്കുറിപ്പുകളിൽ പ്രകാശം പരത്തുന്നത്. ലളിതവും ആകർഷകവുമായ ഹ്രസ്വവാചകങ്ങളിൽ കൃത്യമായി വിവരണങ്ങൾ സംഗ്രഹിക്കുന്ന ശൈലിയാണ്.

വ്യത്യസ്തങ്ങളായ പദസമുച്ചയം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആകർഷകമായ ചില വാക്കുകൾ: മെത്രാച്ചൻ, ഉച്ചമേശ, കാപ്പിമേശ, നമ്മോടുകൂടി, പള്ളിസംബന്ധിച്ച കാര്യം, പള്ളിക്കൂടം, പാട്ടനെല്ല്, ചട്ടംകെട്ടുകൾ, തേച്ചുകുളി, വർത്തമാനം, പട്ടംകൊട, പള്ളികെട്ടിടം, തിങ്ങിക്കൂടി, കെട്ടിയവൻ, ആൾ ബഹളം, ധിക്കാരി, സങ്കട നിവർത്തി, മല്പാനച്ചൻ, ചിത്രമെഴുത്ത്, ബലപ്പെടുത്തി, പൂശി, സങ്കടഹർജി, കാഴ്ചസാധനം, എണ്ണസേവ തുടങ്ങി അക്കാലത്തെ നിരവധി വ്യവഹാര ഭാഷാശൈലി ഡയറിക്കുറിപ്പിൽ ഇടം നേടിയിട്ടുണ്ട്.

കൃത്യമായ വിവരങ്ങളുള്ള ഡയറികൾ ചരിത്രത്തിന്റെ ഏടുകളാണ്. മുഖ്യധാരാ ചരിത്രങ്ങൾക്കുള്ള സമാന്തരരേഖകളാണ് ഇതിൽ പ്രതിഫലിക്കുന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറി എഴുത്തുകളിൽ വെളിച്ചം പകരുന്നത് മലങ്കര ഓർത്തഡോക്സ് സഭയുടെ 1956-1961 കാലഘട്ടത്തിന്റെ ചരിത്രമാണ്.

സന്ദർശകരുടെ കൃത്യമായ വിവരണം, ആഴ്ചവട്ടത്തിന്റെ വിശദീകരണം, ദൂരയാത്ര ചെയ്യുമ്പോൾ ദേവലോകത്തുനിന്നുള്ള സമയദൈർഘ്യം, ദിനചര്യയുടെ വിവരണങ്ങൾ, സന്ദർശകരുടെ പേരുകളും സന്ദർശകർ നൽകിയ സമ്മാനങ്ങളുടെ വിവരങ്ങളും എല്ലാം ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എത്ര തിരക്കിലായിരുന്നെങ്കിലും കൃത്യമായി ഡയറിയിൽ കുറിപ്പുകൾ എഴുതിയിരുന്നു.

പ്രസംഗത്തിന് മുൻകൂർ ഒരുങ്ങുക പതിവില്ലായിരുന്നു. പ്രഭാഷണങ്ങളിൽ വേദപുസ്തകങ്ങളുടെ മർമ്മങ്ങൾ നിർഗ്ഗളമായി പ്രവഹിക്കുമായിരുന്നു. ഉജ്ജ്വലമായ വാഗ്ധോരണിയാൽ സത്യവിശ്വാസം യുക്തിയുക്തമായി അവതരിപ്പിക്കും. അതിനാൽ വലിയ ബാവായുടെ വേദപാണ്ഡിത്യം അത്യഗാധമായിരുന്നുവെന്ന് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് സാക്ഷിക്കുന്നു. പ്രഭാഷണം പോലെ തന്നെ യുക്ത്യധിഷ്ഠിതമായ വിവരണങ്ങളുടെ രസതന്ത്രമാണ് രചനകളിലും ഡയറിക്കുറിപ്പുകളിലും വലിയ ബാവാ അവതരിപ്പിക്കുന്നത്.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൃതികൾ, കല്പനകൾ, പ്രഭാഷണങ്ങൾ, സൂക്തങ്ങൾ എന്നിവ സൂക്ഷ്മമായി അപഗ്രഥിച്ചാൽ സഭയോടും സമൂഹത്തോടും അത്യഗാധബന്ധം നിലനിർത്തുന്ന ദർശനങ്ങൾ കണ്ടെത്തുവാൻ കഴിയും. സത്യവിശ്വാസവും സഭാപാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം പരിപാലിക്കപ്പെടണമെന്ന് എഴുത്തുകളിൽ നിഷ്കർഷിച്ചിരുന്നു.

ആഗോള തലത്തിൽ അസമാധാനവും അസന്തുഷ്ടിയും ശക്തിപ്പെടുകയും ഇന്ത്യയിൽ വർഗ്ഗീയ വിദ്വേഷം രൂക്ഷമാവുകയും ചെയ്ത 1938-കളിൽ പരി



സമസ്ത മലയാളികളുടെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആത്മീയ തേജസ്സായി ഉജ്ജ്വലിച്ച കർമ്മയോഗിയായ വലിയ ബാവാ എഴുത്തും വായനയും പ്രഭാഷണവും സമ്യക്കായി ഇടയശുശ്രൂഷയിൽ ഉൾക്കൊള്ളിച്ചിരുന്നു.

ശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ വൃശ്ചികം 17 ബുധൻ മുതൽ 3 ദിവസത്തേക്ക് (ശനിയാഴ്ച വരെ) സഭ മുഴുവനായി ഉച്ചതിരിഞ്ഞ് നോമ്പ് ആചരിക്കണമെന്നും നിവർത്തിയുള്ളടത്തോളം ആളുകൾ പള്ളിയിൽ കൂടി സഭയ്ക്കുവേണ്ടിയും ലോകസമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കണമെന്നും കല്പനയിട്ടു. കല്പനയുടെ അവസാന വരി ശ്രദ്ധിക്കുക: "നോമ്പ് വീടുന്ന ദിവസം രാവിലെ വിശുദ്ധ കുർബ്ബാന അർപ്പിച്ച് കഴിവുള്ള എല്ലാവരും വി. കുർബ്ബാന അനുഭവിക്കണമെന്ന് നാം ആഗ്രഹിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു." (1938-കൊല്ലവർഷം 1114 വൃശ്ചികം 6 നു)

1956 നവംബർ ഒന്നിന് എഴുതിയിരിക്കുന്നു: "കേരളം പണ്ടേ ഒന്നായിരുന്നു. കാലാന്തരത്തിൽ പല വിഭാഗങ്ങളായി. ഇന്നിതാ വീണ്ടും ഒന്നായിരിക്കുന്നു. നാം ഒന്നാകേണ്ടവർ തന്നെയാണ്. നാം ഒന്നായി നിൽക്കുന്നതാണ് നമ്മുടെ ബലം." കേരള പിറവിയിൽ സമസ്ത കേരളീയർക്കുമായി എഴുതിയ കുറിപ്പിലെ ഹ്രസ്വമായ വാക്യഘടനയിലൂടെ അവതരിപ്പിച്ചിരിക്കുന്നത് എത്ര സുന്ദരമായ ആശയമാണ്. അതിൽ വീണ്ടും എഴുതി: "കേരളത്തിന് വെളിച്ചം കാട്ടികൊടുക്കുവാൻ ഇവിടുത്തെ ക്രൈസ്തവർക്കും സാധിക്കണം. കേരളം വലുതാകുകയാണ്. നമ്മുടെ കാഴ്ചപ്പാടുകളും അതോടൊപ്പം വലുതാകേണ്ടതാണ്." വാക്കുകൾ കൊണ്ട് ഉദാത്ത ആശയങ്ങളെ ഉജ്ജ്വലിപ്പിക്കുവാൻ വലിയ ബാവായ്ക്കു കഴിയുന്നു.

ഉപസംഹാരം

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ രചനകളും ഡയറിക്കുറിപ്പുകളും മലങ്കരസഭാചരിത്രത്തിലും സാമൂഹികചരിത്രത്തിലും നാഴികക്കല്ലുകളാണ്. മുഖ്യധാരാ ചരിത്രങ്ങളിൽ തമസ്ക്കരിച്ചതും വക്രീകരിച്ചതും പാർശ്വവൽക്കരിച്ചതുമായ വിവരണങ്ങളും വിശകലനങ്ങളുമാണ് ഇതിൽനിന്നു ലഭ്യമാകുന്നത്. സഭാചരിത്രകാരന്മാർ പുലർത്തിയ സാമൂഹികവും സഭാപരവുമായ പല സമീപനങ്ങളുടെയും നിജസ്ഥിതി അനാവരണം ചെയ്യുവാൻ ഇതിലെ വരികൾക്ക് അദൃശ്യമായ വശ്യതയുണ്ട്.

സഭാചരിത്ര ഗവേഷണത്തിനായി ജീവിതം തപസ്യയാക്കിയ ജോയ്സ് തോട്ടയ്ക്കാടിന്റെ നിസ്തന്ദ്ര യജ്ഞത്തിന്റെ ഫലമായാണ് ഈ ഡയറിക്കുറിപ്പുകൾ വെളിച്ചം കാണുന്നത്. കഠിനമായ തപസ്യയും സഭയോടുള്ള പ്രതിബദ്ധതയും സഭാപിതാക്കന്മാരോടുള്ള ഭക്തിയും ബഹുമാനവുമാണ് ജോയ്സ് തോട്ടയ്ക്കാടിനെ ഇത്തരത്തിലുള്ള അപൂർവ്വവും അമൂല്യവുമായ രചനകളിലേക്ക് നയിക്കുന്നത്. പിതാക്കന്മാരുടെ ഡയറിക്കുറിപ്പുകളുടെ പ്രകാശനം വഴി സഭാചരിത്രത്തിന്റെ തമസ്ക്കരിക്കപ്പെട്ട കാഴ്ചപ്പാടുകൾക്ക് പുത്തൻ അധ്യായം തുറക്കപ്പെടുകയാണ്.

സമസ്ത മലയാളികളുടെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആത്മീയ തേജസ്സായി ഉജ്ജ്വലിച്ച കർമ്മയോഗിയായ വലിയ ബാവാ എഴുത്തും വായനയും പ്രഭാഷണവും സമ്യക്കായി ഇടയശുശ്രൂഷയിൽ ഉൾക്കൊള്ളിച്ചിരുന്നു. ആത്മീയതയുടെ വിശുദ്ധി പകർന്ന അപൂർവ്വ പ്രതിഭയായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ എഴുത്തുകൾക്ക് അദൃശ്യശക്തിയുണ്ടെന്ന് ഡയറിക്കുറിപ്പുകൾ പ്രഖ്യാപിക്കുന്നു. ഇതിലെ ദർശനങ്ങളും സ്പന്ദനങ്ങളും വിവേചിച്ചറിയുവാൻ സഭാചരിത്ര ഗവേഷകർ ക്രിയാത്മകമായ പഠനവും മനനവും നടത്തണം.

❑

ത്രിതല പഞ്ചായത്ത് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട മലങ്കരസഭാംഗങ്ങൾ



സോണിയാ മനോജ്
പ്രസിഡണ്ട്,
റാന്നി ബ്ലോക്ക് പഞ്ചായത്ത്
തോണിക്കടവ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.



റോബിൻ പീറ്റർ
പ്രസിഡണ്ട്,
കോന്നി ബ്ലോക്ക് പഞ്ചായത്ത്
മല്ലശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.



അന്നമ്മ വർഗീസ്
പാറത്തോട് ഗ്രാമ പഞ്ചായത്ത്
പ്രസിഡന്റ്
മുണ്ടക്കയം പൈങ്ങന സെന്റ് തോമസ് ഇടവകാംഗം.



ജെസ്സി മാത്യു
എഴുകോൺ ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
അമ്പലത്തുംകാല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗം



എബി മേക്കരിങ്ങാട്ട്
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്
വൈസ് പ്രസിഡന്റ്
കൈപ്പറ്റ സെന്റ്. മേരീസ് ഇടവകാംഗവും, മലങ്കര അസോസിയേഷൻ അംഗവുമാണ്.



ഷീല വർഗീസ്
തുമ്പമൺ ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം



ബാബു ഫിലിപ്പോസ്
പട്ടാഴി ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
പന്തപ്ലാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം.



ഏലിയാമ്മ വർഗീസ്
പുറമറ്റം ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഇടവകാംഗം



ഷേർലി ജേക്കബ് തരകൻ
തേവലക്കര ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
തേവലക്കര മർത്തമറിയം പള്ളി ഇടവകാംഗം



കൊച്ചുമോൾ കോശി
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
തുമ്പമൺ നോർത്ത് സെന്റ് മേരീസ് കാദീശ്ത്താ ഇടവകാംഗം



ഷീല ചെറിയാൻ
കൂരോപ്പട ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡണ്ട്
കോട്ടയം കൂരോപ്പട സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.



ഫിലിപ്പോസ് സ്കറിയ
കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
തെക്കേമല മാർ ബേസ് ഹാനനിയ ഓർത്തഡോക്സ് ഇടവകാംഗം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ത്രിതല പഞ്ചായത്ത് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട മലങ്കരസഭാംഗങ്ങൾ



ജിവിൻ പുളിമ്പള്ളിൽ
കടപ്ര ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
നിരണം സെന്റ് മേരീസ് പള്ളി
ഇടവകാംഗം.



ഗീവർഗീസ് പി. ജി.
പാണ്ടനാട് ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
പാണ്ടനാട് പടിഞ്ഞാറ് സെന്റ്
മേരീസ് ഇടവകാംഗം



സാലി ജെയിംസ്
പടിപ്പുരയ്ക്കൽ
ചെങ്ങന്നൂർ മുനിസിപ്പാലിറ്റി
വൈസ് ചെയർപേഴ്സൺ
ചെങ്ങന്നൂർ ബഥേൽ മാർ
ഗ്രീഗോറിയോസ് അരമനപ്പള്ളി.



സൂസമ്മ ചാക്കോ
പാലമേൽ ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
കുടശനാട് സെന്റ് സ്റ്റീഫൻസ്
കത്തീഡ്രൽ ഇടവകാംഗം



സൈമൺ വർഗീസ്
കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത്
പ്രസിഡന്റ്
ചിറ്റുമല സെന്റ് മേരീസ്
ഇടവകാംഗം



അഡ്വ. തോമസ് വർഗീസ്
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
പുത്തൂർ പവിത്രേശ്വരം മാധവശ്ശേരി
മാർ തേവോദോറോസ് ഇടവകാംഗം



പോൾ രാജൻ
കുളനട ഗ്രാമ പഞ്ചായത്ത്
പ്രസിഡന്റ്
ഉളനാട് സെന്റ് ജോൺസ് വലിയപള്ളി
ഇടവകാംഗം



ലിജോ ജോർജ്
മുളന്തുരുത്തി പഞ്ചായത്ത്
പ്രസിഡന്റ്
തുരുത്തിക്കര മാർ ഗ്രിഗോറിയോസ്
ഓർത്തഡോക്സ് ചാപ്പൽ



അഡ്വ. സിജു കെ.ഐസക്ക്
പാമ്പാടി ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
സൗത്ത് പാമ്പാടി സെന്റ് തോമസ്
ഇടവകാംഗം



റെജി ജോൺ
കൂത്താട്ടുകുളം നഗരസഭ
ചെയർമാൻ
വടകര സെന്റ് ജോൺസ്
ഓർത്തഡോക്സ് സുറിയാനി
പള്ളി ഇടവകാംഗം



റീന ശമുവേൽ
അടൂർ നഗരസഭ ചെയർമാൻ
പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ്
പോൾസ് ഓർത്തഡോക്സ്
വലിയ പള്ളി ഇടവകാംഗം



സബേറ്റാ വർഗീസ്
തൃശ്ശൂർ ചൊവ്വന്നൂർ
ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റ്
അയ്യംപറമ്പ് സെന്റ് മേരിസ്
ഓർത്തഡോക്സ് പള്ളി
ഇടവകാംഗം

ത്രിതല പഞ്ചായത്ത് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട മലങ്കരസഭാംഗങ്ങൾ



മിനു വർഗീസ്
തൃശ്ശൂർ പാണഞ്ചേരി
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്
കരിപ്പക്കുന്ന് മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം



ഷൈനി റോയി
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്
വൈസ് പ്രസിഡന്റ്
കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രൽ ഇടവകാംഗം



സിബി വർഗീസ്
ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്
വൈസ് പ്രസിഡന്റ്
കറ്റാനം സെന്റ് സ്റ്റീഫൻസ് വലിയപള്ളി ഇടവകാംഗം.



ശ്രീലേഖ മനു
കരുവാറ്റ ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
കരുവാറ്റ യാക്കോബ് ബുർദാന വലിയപള്ളി ഇടവകാംഗം.



ജെസ്സി കോശി
കൃഷ്ണപുരം
ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
തെക്കേ മങ്കുഴി സെന്റ് ജോർജ് ഇടവകാംഗം.



കെ. പി. ജെയിംസ്
പോത്താനിക്കാട്
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
പോത്താനിക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാഇടവകാംഗം.



കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ വൈദിക കുടുംബങ്ങളുടെ ക്രിസ്മസ് പുതുവത്സരാഘോഷം പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വച്ച് പരിശുദ്ധ കാതോലിക്കാബാവായുടെ സാന്നിദ്ധ്യത്തിൽ നടന്നു.



കോട്ടയം നഗരസഭാ ചെയർമാനായി ചുമതലയേറ്റ എം. പി. സന്തോഷ് കുമാറും, വൈസ് ചെയർപേഴ്സൺ ഷീബാ പുന്നനും പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ച് അനുഗ്രഹം തേടിയപ്പോൾ. വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ് എന്നിവർ സമീപം.



പരുമല ആശുപത്രിയുടെ ഈ വർഷത്തെ ക്രിസ്മസ് - പുതുവത്സരാഘോഷം 'വിന്റർ കാർണിവൽ' ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു. ഫാ. ഷാജി പി ജോൺ, ആശുപത്രി സി.ഇ.ഒ. ഫാ. എം. സി പൗലോസ്, ചാപ്ലെയിൻ ഫാ. ജിജു വർഗ്ഗീസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷെറിൻ ജോസഫ് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

യഹോശബത്ത്

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)





ബൈബിളിലെ പല വ്യക്തികളും വലിയ പ്രസിദ്ധിയില്ലാതെ തന്നെ ദൈവം ഉപയോഗിച്ച അത്ഭുതകരമായ ആളുകളാണ്. ഒരു വാക്യത്തിൽ മാത്രം പരാമർശിക്കപ്പെട്ടാലും അവരുടെ ജീവിതങ്ങളും തീരുമാനങ്ങളും തലമുറകളെ സ്വാധീനിക്കുന്ന ശക്തിയുള്ളതാണ്. യഹോശബത്ത് അത്തരത്തിലുള്ള ഒരു അപൂർവ്വ സ്ത്രീയാണ്. 2 ദിനവൃത്താന്തം 22:11-ൽ വളരെ ചുരുക്കത്തിൽ എഴുതിയിട്ടുണ്ടെങ്കിലും, അവൾ ചെയ്ത ഒരു പ്രവൃത്തിയാണ് യെഹൂദ രാജ്യത്തിന്റെ ഭാവിയും ദാവീദിന്റെ വംശാവലിയും അതുവഴി ദൈവത്തിന്റെ വാഗ്ദാനങ്ങളും നിലനിൽക്കാൻ കാരണമായത്. രാജ്ഞിയായ അഥല്യ മുഴുവൻ രാജകുടുംബത്തെയും കൊല്ലാൻ ശ്രമിച്ച ആ ഇരുണ്ട കാലഘട്ടത്തിൽ, യഹോശബത്ത് സ്വന്തം ജീവന് ഭീഷണി നേരിട്ടിട്ടും അഹസ്യാവിന്റെ മകനായ യോവാശിനെ രക്ഷിച്ച് ആറു വർഷം ദൈവാലയത്തിൽ ഒളിപ്പിച്ചു വളർത്തി. അവളുടെ ധൈര്യം, ആത്മീയ വിവേകം, സ്ഥിരവിശ്വാസം, കരുണ എന്നീ ഗുണങ്ങൾ ഇന്നും വിശ്വാസികൾക്കുള്ള മഹത്തായ ഒരു മാതൃകയാണ്.

1. കുടുംബ പശ്ചാത്തലവും ജീവിതവും

യെഹൂദാ രാജാവായ യെഹോരാമിന്റെ മകളായ യഹോശബത്ത് രാജകീയ ആഡംബരത്തിലും അധികാരത്തിന്റെ ചുറ്റുപാടിലും വളർന്ന വ്യക്തിയായിരുന്നു. അഹസ്യാവിന്റെ സഹോദരിയായ അവൾ രാജധാനിയിലെ രാഷ്ട്രീയ കലഹങ്ങളും അഥല്യ രാജ്ഞി കൊണ്ടുവന്ന വിഗ്രഹാരാധനയും നേരിൽ കണ്ടിട്ടും, ദൈവഭക്തി വിട്ടുമാറിയില്ല. ദൈവത്തെ മുൻനിർത്തിയുള്ള ഈ ഭക്തിയും ആത്മീയദൃഷ്ടിയും തന്നെയാണ് പുരോഹിതനായ യെഹോയാദായെ വിവാഹം ചെയ്യുന്നതിലേക്ക് അവളെ നയിച്ചത്. അധികാരത്തേക്കാൾ ദൈവ വിശ്വാസത്തിന് പ്രാധാന്യം നൽകിയ അവളുടെ മനസ്സാണ് യോവാശിനെ രക്ഷിക്കുന്നതിനായി വലിയ അപകടത്തിനിടയിലും ധൈര്യത്തോടെ മുന്നോട്ട് വരാൻ അവളെ സഹായിച്ചത്.

യഹോശബത്ത് ജീവിച്ച കാലം യെഹൂദയുടെ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട ഘട്ടങ്ങളിൽ ഒന്നായിരുന്നു. അഹസ്യാവിന്റെ മരണത്തെ തുടർന്ന് അധികാരം കൈവശപ്പെടുത്താൻ ശ്രമിച്ച അഥല്യ രാജ്ഞി രാജകുടുംബത്തിലെ എല്ലാ സന്തതികളെയും നശിപ്പിക്കാൻ ശ്രമിച്ചു. ഇത് രാഷ്ട്രീയതന്ത്രം മാത്രമല്ല, ദാവീദിന്റെ വംശത്തിൽ നിന്നുള്ള മശിഹാ വരുമെന്ന ദൈവവാഗ്ദാനം തകർക്കാനുള്ള ദുഷ്ശക്തികളുടെ ശ്രമവുമായിരുന്നു. ബാൽ ആരാധനയും അനീതിയും വ്യാപിച്ചിരുന്ന ആ ദുരന്തകാലത്തുപോലും, യഹോശബത്ത് ദൈവ വിശ്വാസം ഉലയാതെ പിടിച്ചു നിൽക്കുന്ന ചെറിയൊരു പ്രകാശമായി തുടരുകയായിരുന്നു.

2. ധൈര്യം

യെഹോശബത്തിന്റെ ജീവിതത്തെ ഏറ്റവും ശക്തമായി അടയാളപ്പെടുത്തുന്ന ഗുണം ധൈര്യമാണ്. രാഷ്ട്രീയ ഉലച്ചിലുകളും രാജകീയ കൊലപാതകങ്ങളും നിറഞ്ഞ കാലത്താണ് അവൾ ജീവിച്ചിരുന്നത്. ഏതൊരു ചെറിയ പിഴവിനു പോലും ജീവൻ നഷ്ടമാക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിൽ, അത്തരമൊരു ഭീഷണിയുടെ നടുവിൽ, രാജ്ഞിയായ അഥല്യാ രാജവംശത്തെ തകർക്കാൻ ശ്രമിക്കുമ്പോൾ, കുഞ്ഞായ യോവാശിന്റെ മരണമൊഴിവാക്കാൻ യെഹോശബത്ത് നിർഭയമായി മുന്നോട്ട് വന്നു. തന്നെയും ഭർത്താവിനെയും വലിയ അപകടത്തിലാക്കുന്ന ഒരു തീരുമാനമായിരുന്നിട്ടും, അവൾ സമയം കളയാതെ ജീവൻ പണയം വച്ച് ശരിയായ കാര്യമാണ് തെരഞ്ഞെടുത്തത്. ഇതിലൂടെ "സത്യത്തിനും നീതിക്കും വേണ്ടി ഭീഷണിയെ നേരിടുന്ന ധൈര്യം" അവളുടെ ജീവിതത്തിൽ ശക്തമായി പ്രതിഫലിക്കുന്നു.

യെഹോശബത്ത് നമ്മെ പഠിപ്പിക്കുന്നത്, ധൈര്യം എന്നത് പേടി ഇല്ലായ്മ അല്ല; പേടിയെ മറികടന്ന് ശരിയായതിനെ പിന്തുണയ്ക്കാനുള്ള ശക്തിയാണ്. അനീതികൾ വ്യാപകമായിരുന്ന കാലത്ത് അവൾ അപകടങ്ങളെ അവഗണിച്ച് നീതിക്ക് വേണ്ടി നിലകൊണ്ടത്, മനുഷ്യന്റെ ഉത്തരവാദിത്വം എന്താണെന്ന് വ്യക്തമാക്കുന്നു. ഇന്നത്തെ ജീവിതത്തിലും അനീതികളെയും തെറ്റുകളെയും നേരിടുമ്പോൾ, യെഹോശബത്തിനെപ്പോലെ ധൈര്യത്തോടെ പ്രതികരിക്കാനും, നീതിയുടെ പാതയിൽ ഉറച്ച് നിൽക്കുവാനും അവളുടെ ഉദാഹരണം നമ്മെ പ്രചോദിപ്പിക്കുന്നു.

3. വിശ്വാസം

യെഹോശബത്തിന്റെ പ്രവർത്തനങ്ങളെ നയിച്ച ഏറ്റവും വലിയ ശക്തി ദൈവത്തിൽ ഉള്ള അവളുടെ ഉറച്ച വിശ്വാസമായിരുന്നു. ഈ വിശ്വാസം അവൾക്ക് ഭയത്തെ അതിജീവിക്കാൻ ആവശ്യമുള്ള സമാധാനവും ആത്മവിശ്വാസവും നൽകി. യോവാശിനെ രക്ഷിക്കാൻ എടുത്ത തീരുമാനം അത്യന്തം അപകടകരമായിരുന്നുവെങ്കിലും, ദൈവം അവനെ സംരക്ഷിക്കുമെന്ന് അവൾ ഉറപ്പോടെ വിശ്വസിച്ചു.

'എന്നാൽ രാജകുമാരിയായ യെഹോശബത്ത്, കൊല്ലപ്പെടുന്ന രാജകുമാരന്മാരുടെ ഇടയിൽനിന്നു അഹസ്യാവിന്റെ മകനായ യോവാശിനെ മോഷ്ടിച്ചെടുത്തു അവനെയും അവന്റെ ധാത്രിയെയും ഒരു ശയനഗൃഹത്തിൽ ആക്കി. ഇങ്ങനെ യെഹോരാം രാജാവിന്റെ മകളും യെഹോയാദാ പുരോഹിതന്റെ ഭാര്യയുമായ യെഹോശബത്ത് - അവൾ അഹസ്യാവിന്റെ സഹോദരിയല്ലോ- അഥല്യാ അവനെ കൊല്ലാതിരിക്കേണ്ടതിന്നു അവനെ ഒളിപ്പിച്ചു". എന്ന 2 ദിനവൃത്താന്തം 22:11 പോലുള്ള വചനങ്ങൾ കാണിക്കുന്നത്, അവളുടെ ധൈര്യം മനുഷ്യശക്തിയിൽ നിന്നല്ല, ദൈവം നൽകുന്ന ആത്മസ്ഥൈര്യത്തിൽ നിന്നാണ് എന്നതാണ്. ദൈവം തന്റെ ഓരോ ഘട്ടവും നയിക്കുന്നു എന്ന ബോധം അവളെ അനിശ്ചിതത്വത്തിനിടയിലും സ്ഥിരതയോടെ മുന്നോട്ടു പോകാൻ പ്രാപ്തയാക്കി. അവളുടെ വിശ്വാസം ഇരുട്ടിൽ വെളിച്ചമായിരുന്നു. ഭീതിയെ കീഴടക്കാനും ശരിയായ നടപടി സ്വീകരിക്കാനും അവളെ സഹായിച്ച ശക്തി.

യെഹോശബത്തിന്റെ ഉദാഹരണം നമ്മെ പഠിപ്പിക്കുന്നത്, ജീവിതത്തിൽ വലിയ തീരുമാനങ്ങൾ നേരിടുമ്പോൾ ദൈവത്തിൽ ആശ്രയിക്കുന്നത് നമ്മെ ശരിയായ ദിശയിലേക്ക് നയിക്കുകയും, മനസ്സിന് ധൈര്യവും സ്ഥിരതയും നൽകുകയും ചെയ്യുമെന്നാണ്. നമ്മൾ അശക്തരാണെന്ന് തോന്നുന്ന സമയങ്ങളിലും, ദൈവം നമ്മെ കൈവിടില്ലെന്നുള്ള വിശ്വാസം ആത്മവിശ്വാസമായി നിലനിൽക്കട്ടെയെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

യെഹോശബത്തിന്റെ ജീവിതം കരുണയും മനുഷ്യസ്നേഹവും എത്ര ശക്തമായ ഗുണങ്ങളാണെന്ന് തെളിയിക്കുന്ന ഒരു അസാമാന്യ ഉദാഹരണമാണ്. രാജ്യത്ത് കലഹവും ഭയവും നിറഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽ, സ്വന്തം ജീവൻ സുരക്ഷിതമല്ലാത്ത സമയത്തുതന്നെ, അവൾ മറ്റൊരാളുടെ ജീവൻ

രക്ഷിക്കാനായി ധൈര്യത്തോടെ മുന്നോട്ട് വന്നു. യോവാശ് തന്റെ സഹോദരന്റെ മകനായിരുന്നു എന്നതിനാൽ മാത്രമല്ല, ഒരു നിരപരാധിയായ കുഞ്ഞിന്റെ ജീവൻ രക്ഷിക്കണമെന്ന ഉത്തരവാദിത്വം അവളുടെ ഉള്ളിൽ ശക്തിയായി പ്രവർത്തിച്ചു. രാജകീയ അധികാരത്തിനായി നടക്കുന്ന ക്രൂരമായ കൊലപാതകങ്ങളിൽ നിന്ന് കുഞ്ഞിനെ രക്ഷിക്കുന്നതിന്റെ പ്രധാന്യം അവൾ മനസിലാക്കി, അതിനാൽ തന്നെ തന്റെ ജീവിതം അപകടത്തിലാക്കിയും അവനെ ക്ഷേത്രത്തിൽ ഒളിപ്പിച്ചു സുരക്ഷിതമായി വളർത്തി. യോവാശിനെ സംരക്ഷിച്ചതിലൂടെ ഒരു കുട്ടിയുടെ ജീവൻ മാത്രം രക്ഷിക്കപ്പെട്ടതല്ല; ഭാവിയിലൊരു രാജവംശത്തിന്റെ നിലനിൽപ്പ് സംരക്ഷിക്കപ്പെട്ടു, ഒരു രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രവും മാറി.

ഇവിടെയാണ് യെഹോശബത്തിന്റെ പ്രവർത്തനത്തിന്റെ മഹത്വം തെളിയുന്നത്. അവളുടെ കരുണ അധികാരത്തിന്റെയോ ബന്ധത്തിന്റെയോ ഭയത്തിന്റെയോ അടിമയായിരുന്നില്ല; മറിച്ച്, മനുഷ്യന്റെ സ്വഭാവത്തിലൊളിഞ്ഞിരിക്കുന്ന നന്മയും ത്യാഗവും ആധാരമാക്കിയാണ് അവൾ പ്രവർത്തിച്ചത്. ഒരു നിരപരാധിയെ സംരക്ഷിക്കാനുള്ള ആഗ്രഹം അവളുടെ തീരുമാനം ഉറപ്പാക്കി, അതിലൂടെ കരുണയുടെ ശക്തികൊണ്ട് ചരിത്രം വരെ മാറ്റാൻ കഴിയുമെന്ന് അവൾ തെളിയിച്ചു. യെഹോശബത്തിന്റെ ഈ പ്രവർത്തനം ഇന്ന് നമ്മെ പഠിപ്പിക്കുന്നത്, സാഹചര്യങ്ങൾ എത്ര കടുപ്പമുള്ളതായാലും, മറ്റൊരാളുടെ വേദന മനസ്സിലാക്കി ചെയ്യുന്ന ഒരു സത്യസന്ധമായ പ്രവർത്തി വലിയ മാറ്റങ്ങൾക്ക് വഴി തെളിക്കുമെന്നതാണ്. ഒരാളുടെ ജീവൻ രക്ഷിക്കാനുള്ള മനോഭാവം മനുഷ്യസ്നേഹത്തിന്റെ ആഴവും, ഒരു വ്യക്തിയുടെ ധൈര്യം ഒരു സമൂഹത്തിന്റെ ഭാവിയെ വരെ സ്വാധീനിക്കാനാകുമെന്ന സത്യവും അവൾ തന്റെ ജീവിതത്തിലൂടെ തെളിയിച്ചു. അതുകൊണ്ട് തന്നെ, കരുണയും സ്നേഹവും പ്രകടിപ്പിക്കുന്ന ഓരോ ചെറിയ പ്രവർത്തിയും ജീവിതങ്ങളെ സ്പർശിക്കുവാനും ലോകത്തെ മാറ്റുവാനുമുള്ള ശക്തി വഹിക്കുന്നുവെന്ന് യെഹോശബത്ത് നമ്മെ ഓർമ്മപ്പെടുത്തുന്നു.

5. പ്രതിസന്ധികളെ നേരിടൽ

യെഹോശബത്തിന്റെ ജീവിതം വെല്ലുവിളികളും അനിശ്ചിതത്വങ്ങളും നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെയായിരുന്നു യാത്ര ചെയ്തത്. രാജവംശങ്ങളിൽ കൊലപാതകങ്ങളും അധികാര പോരാട്ടങ്ങളും സാധാരണമായിരുന്ന ആ കാലത്ത്, അവളുടെ ഓരോ ദിവസവും ഭീതിയും ആശങ്കകളും നിറഞ്ഞതായിരുന്നു. തനിക്കു സംഭവിക്കാവുന്ന അപകടങ്ങളെക്കുറിച്ചുള്ള ബോധം ഉണ്ടായിരുന്നു എങ്കിലും, അവൾ ഭയത്തെ ജീവിതനിയന്ത്രണത്തിന്റെ കേന്ദ്രമാകാൻ അനുവദിച്ചില്ല.

അവളുടെ ജീവിതത്തിലെ ഏറ്റവും ധീരമായ തീരുമാനങ്ങളിൽ ഒന്നായിരുന്നു യോവാശിനെ രക്ഷിച്ച നടപടി. അതൊരു സാധാരണ തീരുമാനമല്ല; സ്വന്തം ജീവന് തന്നെ ഭീഷണിയായിരിക്കാവുന്ന സാഹചര്യത്തിൽ എടുത്ത സാഹസികമായതെന്ന് നിരൂപകരാൽ പ്രശംസിക്കപ്പെടുന്ന തീരുമാനമായിരുന്നു. അവൾ ഭയത്തെക്കാൾ വലിയതായ ധൈര്യത്തിന്റെ ശക്തി തിരഞ്ഞെടുക്കുകയാണുണ്ടായത്. ഒരാളുടെ മുന്നിലുള്ള സാഹചര്യങ്ങൾ എത്ര പ്രതിസന്ധിപൂർണ്ണമായാലും, അതിനെ അതിജീവിക്കാൻ ഉള്ള മനോശക്തിയാണ് യഥാർത്ഥ വിജയം നിർണയിക്കുന്നത് എന്നാണ് ഇതിലൂടെ അവൾ നമ്മെ പഠിപ്പിക്കുന്നത്.

ജീവിതം സ്വാഭാവികമായും വെല്ലുവിളികൾ കൊണ്ടാണ് നിറഞ്ഞിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധികൾ, ബന്ധങ്ങളിലെ പ്രശ്നങ്ങൾ, ആരോഗ്യപരമായ അസാധാരണ സാഹചര്യങ്ങൾ, ഇവയിൽ ഒന്നും തന്നെ നമുക്ക് ഒഴിവാക്കാനാവാത്ത യാഥാർഥ്യങ്ങളാണ്. എന്നാൽ യെഹോശബത്ത് നമ്മെ ഓർമ്മപ്പെടുത്തുന്നത്, പ്രതിസന്ധികൾ ജീവിതത്തെ നിർത്തിവെക്കാനല്ല, മറിച്ച് നമ്മെ ആന്തരികമായി വളർത്തുന്നതിനുള്ള അവസരങ്ങളാണ്. ഭയം നമ്മെ പിൻതിരിയാൻ പ്രേരിപ്പിക്കാം; ധൈര്യം നമ്മെ മുന്നോട്ട് നടത്തും.

യെഹോശബത്തിന്റെ ഭയം അവളെ നിയന്ത്രിക്കാൻ അനുവദിക്കാതെ, വിശ്വാസവും ആത്മവിശ്വാസവും പ്രവർത്തിയുമായി ചേർത്തപ്പോൾ, അവൾ മാത്രമല്ല രക്ഷിക്കപ്പെട്ടത്; ഒരു തലമുറയുടെ ഭാവിയും സംരക്ഷിക്കപ്പെട്ടു. ഇന്നത്തെ ലോകത്തും അതേ സത്യം നിലനിൽക്കുന്നു. പ്രതിസന്ധികളെ ഭയത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ അവ വലിയതായി തോന്നാം, എന്നാൽ ധൈര്യവും സ്ഥിരതയും ഉപയോഗിച്ച് നേരിടുമ്പോൾ അവയെ തോൽപ്പിക്കാൻ സാധിക്കുന്നു. ജീവിതത്തിന്റെ അവിശ്വാസ്യതകളെ ഭയപ്പെടാതെ, ഉറച്ച മനസ്സോടെ മുന്നോട്ട് പോകാൻ യെഹോശബത്തിന്റെ ജീവിതം ധൈര്യത്തിന്റെയും പ്രതീക്ഷയുടെയും ഒരു ജ്യോതിയായി ഇന്നും നമ്മെ പ്രചോദിപ്പിക്കുന്നു.

യെഹോശബത്ത് യോവാശിനെ രക്ഷിച്ചതിലൂടെ ബൈബിളിലെ ഏറ്റവും ശ്രദ്ധേയമായ സ്ത്രീകളിൽ ഒരാളായി മാറുന്നു. ഇത് ഒരു സാധാരണ മാനവിക പ്രവർത്തിയായി മാത്രമല്ല, ഒരു രാജ്യത്തിന്റെ ഭാവി മാറ്റിമറിച്ച ധൈര്യത്തിന്റെ വിജയം കൂടിയാണ്. രാജകീയ ഗൂഢാലോചനകളും ഭീഷണികളും നിറഞ്ഞ കാലഘട്ടത്തിൽ ഒരു സ്ത്രീ തന്റെ ജീവൻ പണയം വച്ചാണ് ഒരു കുഞ്ഞിനെ സംരക്ഷിച്ചതെന്നത് അദ്ഭുതകരവുമാണ്, അതേ സമയം അത്യന്തം അപകടകരവുമായിരുന്നു. ചില സത്കൃത്യങ്ങൾക്ക് വലിയ ത്യാഗങ്ങൾ ആവശ്യപ്പെടുന്നുവെന്ന സത്യമാണ് അവളുടെ പ്രവൃത്തിയിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

യെഹോശബത്തിന്റെ ജീവിതത്തിലൂടെ, ഭയമില്ലായ്മ അല്ല, ഭയം ഉണ്ടെങ്കിലും നീതിക്കായി മുന്നോട്ട് പോകാനുള്ള ശക്തിയാണ് യഥാർത്ഥ ധൈര്യം എന്ന് വ്യക്തമാക്കുന്നു. ഇന്നത്തെ സമൂഹത്തിൽ നിന്നുള്ള സമ്മർദ്ദങ്ങളും അനീതികളും ജീവിതത്തിലെ വെല്ലുവിളികളും നേരിടുമ്പോൾ ഈ മാതൃക നമുക്ക് വലിയ പ്രചോദനമാണ്.

അവളുടെ വിശ്വാസം അത്രയും ശക്തമായ മറ്റൊരു പാഠമാണ്. ദൈവം കൈവിടുകയില്ലെന്ന ആത്മവിശ്വാസമാണ് അവളെ ഈ അപകടകരമായ പ്രവർത്തിയിലേക്ക് നയിച്ചത്. ദൈവത്തെ ആശ്രയിച്ചാൽ മനുഷ്യർക്ക് അസാധ്യമായതും ദൈവം സാധ്യമാക്കും എന്ന സത്യമാണ് ഇതിലൂടെ അവൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.

അതുപോലെ, കുഞ്ഞിനെ രക്ഷിക്കുന്നതിനുള്ള അവളുടെ കരുണ സ്നേഹത്തിന്റെ മാറ്റമില്ലാത്ത ശക്തിയെ തെളിയിക്കുന്നു. ഒരു സ്നേഹപൂർണ്ണമായ നടപടിക്ക് ജീവനും ചരിത്രവും മാറ്റാൻ കഴിയുമെന്ന സന്ദേശം അതിൽ വ്യക്തമാണ്.

ഇങ്ങനെ, ധൈര്യം, വിശ്വാസം, കരുണ എന്നീ മൂന്ന് ഗുണങ്ങൾ ഒന്നിച്ചാൽ അന്ധകാരത്തെ മറികടക്കാനാകുമെന്ന് യെഹോശബത്തിന്റെ ജീവിതം ശക്തമായി പ്രഖ്യാപിക്കുന്നു. ഒരു കുഞ്ഞിനെ മറച്ചുവച്ച അവളുടെ ചെറിയതും നിർണായകവുമായ പ്രവർത്തി ഒരു രാജവംശത്തിന്റെ ഭാവി മാറ്റിയതുപോലെ, നാം ചെയ്യുന്ന ചെറിയതായ ഓരോ നല്ല പ്രവൃത്തികളും വലിയ മാറ്റങ്ങൾക്ക് വഴി വെക്കാം. ജീവിതത്തിൽ സത്യം, വിശ്വാസം, ധൈര്യം, കരുണ എന്നിവ ചേർന്നാൽ അസാധ്യമായതും സാധ്യമാകും എന്നതിന്റെ ജീവിക്കുന്ന മാതൃകയാണ് യെഹോശബത്ത്. ❑



പൗരോഹിത്യ കനകജൂബിലി ആഘോഷിക്കുന്ന ഫാ. ഡോ. ടി. പി. ഏലിയാസിനെ മുളന്തുരുത്തി തലക്കോട് പരിമല മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് ആദരിച്ചു. പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് നൽകിയപ്പോൾ...



Dr. Blessy Bibbin has been awarded a PhD in Nursing with a specialization in Critical Care. She is currently working in the Quality and Education Department at Cardinal Gracias Memorial Hospital. Prior to this, she served as the Nursing Director for eight years. She is an active member of St. Thomas Orthodox Syrian Parish, Vasai and currently serves as the OCYM Unit Secretary. ❑

വചനതീർത്ഥം



ജനനപ്പെരുന്നാളിന് ശേഷമുള്ള രണ്ടാം ഞായർ

(മത്തായി 2:19–23)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ചില പലായനങ്ങളുടെ കഥയാണ് ഇന്നത്തെ വേദഭാഗം മുന്നോട്ട് വയ്ക്കുന്നത്. ചരിത്രത്തെ കീറിമുറിച്ച മനുഷ്യാവതാരത്തെ തുടർന്ന് അന്നത്തെ ഭരണാധികാരികളുടെ മനസ്സിൽ ഉണ്ടായ അങ്കലാപ്പും ഭയവും രണ്ടു വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെ നീചമായ കൊലപാതകത്തിൽ ആണ് കലാശിച്ചത്. സത്യത്തിനു വേണ്ടി കൊല്ലപ്പെട്ട നിരപരാധികളായ കുഞ്ഞുങ്ങളും അതിന്റെ മധ്യത്തിൽ യേശുവിനെ സംരക്ഷിക്കുവാനായി നെട്ടോട്ടമോടുന്ന മാതാപിതാക്കളും കൂട്ടക്കൊലകളുടെയും വംശീയഹത്യകളുടെയും ഈ ആധുനിക കാലത്ത് പ്രസക്തമായ അടയാളങ്ങളാണ്.

ഹെരോദാവ് തൻറെ രാജ്യം മൂന്നായി ഭാഗിച്ച് മൂന്ന് പുത്രന്മാരെയും ഭരണാധികാരികളായി നിയമിച്ചു. മൂന്നു മക്കളിൽ ക്രൂരനായ ഒരു ഭരണാധികാരിയായിരുന്നു അർക്കലയോസ്. ഹെരോദാവിന്റെ മരണ ശേഷവും ക്രൂരനായ അയാളുടെ മകൻ ഈ പീഡകൾ തുടരും എന്ന ബോധ്യത്തിൽ ആകാം ഗലീലയിലേക്ക് ജോസഫ് കുടുംബവും വീണ്ടും പലായനം ചെയ്യുന്നത്.

സ്വപ്നങ്ങളെ ദൈവഭാഷണം ആക്കുവാനുള്ള ആഹ്വാനം

നിസ്സഹായതയുടെ പ്രതീകമായി ആ കുടുംബം നിലനിൽക്കുമ്പോഴും സകല പ്രതിസന്ധികളുടെയും മധ്യത്തിൽ ദർശനവും സ്വപ്നവും ഉള്ളവരുടെ പ്രതിനിധിയാണ് ജോസഫിനെ നാം കാണുന്നത്. സ്വപ്നങ്ങളിലൂടെ സ്വർഗ്ഗം സംസാരിച്ച വ്യക്തിയാണ് ജോസഫ്. മറിയത്തിനും യേശുവിനും വേണ്ടി നാടോടിയായി അലഞ്ഞു നടക്കുമ്പോഴും സ്വപ്നങ്ങളുടെ പിൻബലത്തിൽ മാത്രം ജീവിതത്തെ അദ്ദേഹം ക്രമീകരിച്ചു.

ജോസഫ് എഴുന്നേറ്റു കുഞ്ഞിനെയും അമ്മയെയും കൂട്ടി യാത്ര തിരിക്കുന്നതിനെക്കുറിച്ച് നാലുവട്ടം ആണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. യാത്രകൾക്ക് മറ്റാരുടെയും സഹായമോ ആശ്രയമോ ഉള്ളതായി സുവിശേഷം രേഖപ്പെടുത്തുന്നില്ല. അതിനെല്ലാം കരുത്തായത് ജോസഫിന് ലഭിച്ച ദൈവഭാഷണം ആണ്. അത് വെളിപ്പെട്ട് കിട്ടിയത് ദർശനങ്ങളിലൂടെയും.

സ്വപ്നങ്ങളും ദർശനങ്ങളും നഷ്ടപ്പെട്ട തലമുറയായി നാം പലപ്പോഴും മാറാറുണ്ട്. ഒരുപക്ഷേ ആധുനികകാലത്തിന്റെ ശാപം ഇതു തന്നെയാകാം. ചെറിയ പ്രതിസന്ധികളിൽ പോലും തളർന്നുപോകുന്ന നമുക്ക് ദൈവസ്വരമുള്ള സ്വപ്നങ്ങൾ കൂട്ടിനുണ്ടാകണം. ഏതു തകർച്ചയിലും നമ്മെ ഉത്തേജിപ്പിക്കുന്ന സ്വപ്നങ്ങൾ കുറേക്കൂടെ ധൈര്യത്തോടെ ജീവിതത്തെ നേരിടുവാൻ നമ്മെ പ്രേരിപ്പിക്കും.

സഹനങ്ങളുടെ ഒടുവിലെ സ്ഥിരതയുടെ ഉറപ്പ്

പൈതലിന്റെ പ്രാണനെ അന്വേഷിച്ചിരുന്നവൻ മരിച്ചുപോയി എന്നതാണ് ദർശനത്തിലൂടെ ജോസഫ് കേൾക്കുന്ന ശബ്ദങ്ങളിൽ ഒന്ന്. യേശുക്രിസ്തുവിന്റെ ബാല്യകാലത്തെ ഈ പലായനങ്ങൾ ലോകത്തിൽ എക്കാലത്തും നിലനിൽക്കുന്ന ചില സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഉണ്ടായതാണ്. നന്മ ഉദയം ചെയ്യുമ്പോൾ അതിനെ കെടുത്തി കളയുവാൻ ശ്രമിക്കുന്ന തിന്മ ലോകക്രമത്തിന്റെ ഭാഗമാണ്. സകല ലോകത്തെയും പ്രകാശിപ്പിക്കുന്ന പ്രകാശത്തെ കെടുത്തി കളയുവാൻ ശ്രമിക്കുന്ന അന്ധകാര ത്തിന്റെ അടയാളമാണ് ഹെരോദാവും മക്കളും. ഒരു ഘട്ടം വരെയും സത്യത്തിന്റെ പക്ഷം നേരിടേണ്ടി വരുന്ന സംഘർഷങ്ങളും സഹനങ്ങളും പലായനങ്ങളും സഹിക്കാവുന്നതിന് അപ്പുറം എന്ന തോന്നൽ ഉണ്ടാക്കുന്നുണ്ട് എന്നാൽ ആത്യന്തികമായി നന്മയുടെ പക്ഷം വിജയം പ്രാപിക്കും എന്ന ഉറപ്പ് ഈ വേദഭാഗവും മുന്നോട്ട് വയ്ക്കുന്നുണ്ട്.




അധികാരവും പണവും പ്രതാപവും ഒക്കെ നന്മയുടെ മേൽ തിന്മ ബലം പ്രയോഗിക്കുന്നതിനുള്ള കാരണങ്ങളാണ്. എന്നാൽ പലപ്പോഴും അതിനുമപ്പുറത്ത് ഈ അന്ധകാരനുഭവങ്ങൾ ബലപ്പെടുന്നത് ഭീതി മൂലമാണ്. യേശുവിന്റെ ജനനത്തെയും ബാല്യത്തെയും ഹെരോദൈസ് ഭയപ്പെടുന്നതിന് പല കാരണങ്ങൾ ഉണ്ട്. അധികാരം നഷ്ടപ്പെടുമെന്ന ഭീതി, ജ്ഞാനികൾ തന്നെ കബളിപ്പിച്ചതിലുള്ള ക്രോധം, തന്റെ ബലഹീനതകൾ പുറത്തുവരുമോ എന്നുള്ള സംശയം – ഇവയെല്ലാം ആത്യന്തികമായി ഭയം നിറഞ്ഞ അവൻറെ മനസ്സിൻറെ പ്രകടനങ്ങളാണ്. ഇപ്രകാരം ബലംപ്രയോഗിക്കുവാനായി ഏതറ്റം വരെയും പോകുവാൻ അവർ തയ്യാറാവുകയും ചെയ്യും. നിർമലരായ കുഞ്ഞുങ്ങളെ കൊന്നിട്ട് ആയാലും യേശു കൊല്ലപ്പെടണം എന്ന് നിർബന്ധ ബുദ്ധി ഈ വികാരത്തിൽ നിന്ന് ഉണ്ടാവുന്നതാണ്. എന്നാൽ അവൻ നസ്രായനെന്നു വിളിക്കപ്പെടേണ്ടതുകൊണ്ട് നസ്രത്തിൽ വന്നു പാർത്തു എന്ന് പറഞ്ഞ് വേദഭാഗം അവസാനിക്കുമ്പോൾ സ്ഥിരതയുള്ളതായി നിലനിൽക്കുന്നത് നന്മയുടെ ഇടങ്ങളാണ് എന്ന് നമുക്ക് അടിവരയിടാം.

സഹനങ്ങളെ അതിജീവിക്കുവാൻ കഴിവില്ലാതെ ജീവിക്കുന്ന ഏറെ പേർക്ക്, നന്മയെ പ്രതി സഹനം അനുഭവിക്കുന്നത് താൽക്കാലികമാണ് താൽക്കാലികം ആണ് എന്നും ആത്യന്തികമായി സത്യം മാത്രമേ സ്ഥിരമായതുള്ളു എന്ന സന്ദേശവും ഈ വേദഭാഗം പകർന്നു നൽകുന്നുണ്ട്

❑

Joseph: The Protector of the Savior of the World



Second Sunday after Christmas

(St. Matthew 2:19–23)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The holy scripture portion arranged by the Church Fathers for our reading and meditation on the second Sunday after the Feast of the Nativity (Christmas) of our Lord is from the Gospel of St. Matthew, Chapter 2, verses 19 to 23.

Following the birth of our Lord, in accordance with Herod's decree to kill all children under two years of age, Joseph fled to Egypt along with Mary and the child Jesus. After the death of Herod, following a divine vision in a dream, Joseph began the return journey with Mary and the infant Jesus. However, upon learning that Archelaus was the new ruler, they went to the region of Galilee and began residing in Nazareth.

A Life with Christ is a Life of Suffering

In the Eastern (Oriental) perspective, a Christian life is not merely about comforts. It is a life prepared to accept hardships and suffering by becoming a participant in the Passion of our Lord. The peace that God gives us is vastly different from the peace of the world; it is a 'peace found amidst suffering.'

The Archangel greeted the Mother of God, saying, 'Peace to you, Mary, full of grace.' But what kind of 'peace' did she experience in her earthly life? Her journey began with the world's reproach and suspicion regarding her virgin pregnancy. It continued until she stood at the foot of Calvary, witnessing the death of her own Son. Her life was one of constant endurance. It is because she remained a vessel for God's will; relying entirely on Him even when a 'sword pierced her heart' that all generations call the Holy Virgin Mary 'Blessed.'

Our Christian life becomes complete only when we are able to experience the love and presence of Christ in the midst of hardships, distress, and pain. Only when we are broken can we become a shelter (shade) for others. Only when we burn ourselves out (like a candle) can our lives provide light to those around us.

St. Joseph: The Righteous Man Who Understood Divine Visions

In the Holy Bible, we find only a few direct references to St. Joseph. However, throughout the Scriptures, whenever he is mentioned, his spiritual greatness is clearly revealed. One of the most striking aspects of St. Joseph is that not a single word spoken by him is recorded in the Bible. Instead, through the 'sanctity of silence,' he became a witness to divine visions. The milestones of Lord Jesus' birth and childhood are defined and guided through these visions granted to Joseph.

The hardships Joseph endured to protect the Blessed Virgin Mary and the infant Jesus were immense. He embraced these trials without complaint or conflict, possessing a 'peace amidst suffering' that was truly a gift from God.



As the spiritual tradition suggests: "Through his silence, Joseph understood God, God's love, God's mercy, and God's divine plan."

In contrast to St. Joseph's silence, our lives today are often filled with:

- Constant Conflict: Endless arguments and disputes.
- Unnecessary Noise: A clamor that drowns out the spiritual.
- Hardness of Heart: A lack of openness to God's will.

The text asks us: Are our hearts open today to perceive divine visions and to understand the will of God?

The text concludes by mentioning Simeon and Anna. How did they recognize the infant Jesus as the Divine Child when others did not? It was because they, Remained constantly in the presence of God, Delighted in the Word of God and, Waited patiently for God's mercy.

The Old Testament is Fulfilled in Christ

While we often conveniently divide the Holy Bible into two parts, the Old Testament and the New Testament, it is actually the continuous flow of Divine Truth. The Old Testament does not simply 'end' with Christ; rather, it finds its fulfilment in Him and continues through the New Testament.

The prophecy, 'He shall be called a Nazarene,' is perfectly fulfilled in Christ. Throughout the Holy Scriptures, Jesus is addressed as 'The Nazarene.'

The Nazrani Identity; It is from this title that the Christians of Malankara (Kerala, India) derived the name 'Nazranis', meaning 'Followers of the Nazarene.'

St. Matthew's Gospel: The Gospel of St. Matthew is particularly rich with citations from the Old Testament. It reminds us that the Incarnation of God is both a historical fact and the precise fulfilment of the words of the Prophets.

The Word of God never goes in vain. When the 'fullness of time' arrives according to the divine cycle, God fulfils His will. To witness this, two things are essential: Prayer and Patience.

Just as the Old Testament was fulfilled in Christ and continues through the New Testament, we believe and confess that our Lord will come again in glory.


We must live in awe of the coming Day of Judgment, where there is no partiality. This requires us to:

- Reorganize our lives through sincere repentance.
- Understand Divine Visions: Like St. Joseph, we must learn to perceive God's will.
- Avoid Clamor: Retreat from the noisy conflicts of life to find spiritual clarity.
- Seek Purity: Prepare for the Lord's second coming with a pure heart and prayerful waiting.

'A life with Christ is also a life of suffering. Like Joseph, we must grasp divine insights and remain steadfast in the peace of God amidst the storms of life.'

❑

പുസ്തകം



സഭാജീവിത നാളാഗമം

(വാല്യം ഒന്ന്)

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളായ, സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽകിയ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം.


350 പേജ്. വില 400 രൂപ. പരിമിതമായ കോപ്പികൾ മാത്രം.

2026 ജനുവരി 10-നു പ്രസിദ്ധീകരിക്കുന്നു. ജനുവരി 10-നു മുമ്പ് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക് 320 രൂപയ്ക്ക് തപാലിൽ ലഭിക്കുന്നു.

പ്രസാധകർ: **ജ്യോതിസ്സ് പബ്ലിക്കേഷൻസ്, ജ്യോതിസ്സ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ**

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.

നാനോ സാങ്കേതികവിദ്യയിൽ പുതിയ കണ്ടെത്തൽ; ഡോ. തോമസ് ബേബിക്ക് അഭിമാനനേട്ടം



പാമ്പാടി: ചങ്ങനാശേരി എസ്ബി കോളജ് രസതന്ത്ര വിഭാഗവും പാമ്പാടി കെജി കോളേജ് രസതന്ത്ര വിഭാഗം മേധാവിയും ഗവേഷണ ഗൈഡുമായ ഡോ. തോമസ് ബേബിയും ചേർന്ന് നടത്തിയ അത്യാധുനിക ഗവേഷണത്തിന് കേന്ദ്ര സർക്കാരിന്റെ പേറ്റന്റ് അംഗീകാരം. പോർട്ടബിൾ ഇലക്രോ സ്പിന്നിങ് എന്ന ഉപകരണത്തിന്റെ രൂപകൽപ്പനയ്ക്കും അതുവഴി നാനോ ഫൈബറുകൾ നിർമ്മിക്കുന്ന പുതിയ രീതിക്കുമാണ് ഈ അംഗീകാരം ലഭിച്ചത്.

ചങ്ങനാശേരി എസ്ബി കോളജിലെ നാനോ മെറ്റീരിയൽസ് ഗവേഷണ ഗ്രൂപ്പിന്റെ ഭാഗമായാണ് ഡോ. തോമസ് ബേബി ഈ നേട്ടത്തിൽ പങ്കാളിയായത്. നിലവിലുള്ള സാങ്കേതികവിദ്യകളേക്കാൾ കുറഞ്ഞ സമയത്തിനുള്ളിൽ മികച്ച ഗുണമേന്മയുള്ള നാനോ ഫൈബറുകൾ ഉല്പാദിപ്പിക്കാൻ ഈ ഉപകരണം സഹായിക്കും. എസ്ബി കോളജ് രസതന്ത്ര വിഭാഗം മുൻ മേധാവി പ്രൊഫ. ടോം ലാൽ ജോസിന്റെ നേതൃത്വത്തിലുള്ള സംഘത്തിലാണ് ഡോ. തോമസ് ബേബി അംഗമായിരുന്നത്. ഡോ. ജോമിറ്റ് ടി. മാത്യു, ഗവേഷണ വിദ്യാർത്ഥിയായ ജേക്കബ് കെ. ചാക്കോ എന്നിവരാണ് സംഘത്തിലെ മറ്റ് അംഗങ്ങൾ.

ഗവേഷണ രംഗത്തെ ഈ മികച്ച നേട്ടം പാമ്പാടി കെജി കോളജിനും രസതന്ത്ര വിഭാഗത്തിനും വലിയ അഭിമാനമാണ് പകരുന്നത്. കോളജ് അധികൃതരും സഹപ്രവർത്തകരും വിദ്യാർത്ഥികളും ഡോ. തോമസ് ബേബിയെ അഭിനന്ദിച്ചു.

Dr. Anu M Varghese; member of St. Thomas Orthodox Syrian Parish, Vasai, Bombay Diocese has been awarded PhD in English Literature from Christ University. She has been working as an Assistant Professor in the Department of English and Cultural Studies at Christ University, Delhi NCR campus, for the past 3 years. She has presented in several international conferences and published in esteemed Scopus indexed journals.



മറുപുറം

മഴവില്ല്...

(ദൈവത്തിന്റെ നിറങ്ങൾ)

ഫാ. അജീഷ് ബാബു



ഓർമ്മകൾ കെട്ടുപോയാൽ നാം മനുഷ്യരല്ലാതായി മാറും, മറവിരോഗം നാം ആരാണെന്ന് അറിയാത്ത അവസ്ഥയാണ്.

ഓർമ്മകളിലാണ് മനുഷ്യന്റെ അന്യോന്യം ഉള്ള ബന്ധം. റിക്കവറി എന്നത് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ലോകത്ത് നഷ്ടപ്പെട്ട ഡാറ്റ തിരികെ കിട്ടുക എന്നതിന് സഹായകരമായ ഒന്നാണ്. റിക്കവറി മനുഷ്യനിൽ ഓർമ്മയുടെ തിരികെ പിടിക്കലാണ്, ഭൂതകാലത്തോട് കൂട്ടുകൂടുതലാണ്. വിശുദ്ധ വേദത്തിൽ ആവർത്തിക്കുന്ന ഒരു പദമാണ് 'മടങ്ങിപ്പോവുക'. ദൈവജനം എന്ന ഉത്തരവാദിത്വത്തിൽ നിന്ന് അകന്നിരിക്കുന്ന ജനത്തെ മുൻനിർത്തിയാണ് മടങ്ങിപ്പോവുക എന്ന പദം വേദത്തിൽ അധികവും ഉപയോഗിക്കുന്നത്. ദൈവത്തിന്റെ ജനം എന്ന ഓർമ്മയിൽ നിന്നും മാറുന്നവരോട് പ്രവാചക ശബ്ദം പോലെയാണ് 'മടങ്ങിപ്പോവുക' എന്ന പദം. മടങ്ങിപ്പോവലിലൂടെ ഓർമ്മകളുടെ വീണ്ടെടുപ്പും ദൈവജനവുമായി മാറുന്നു. പഴയനിയമത്തിന്റെ പ്രാചീന എഴുത്തിൽ വേദം ആരംഭിക്കുന്നത് 'മടങ്ങിപ്പോകുവിൻ' എന്ന പദം ഉപയോഗിച്ചിട്ടാണ് എന്നാണ് പഠിതാക്കൾ പറയുന്നത്. 'മടങ്ങിപ്പോകുവിൻ, ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു'. അങ്ങനെയാകുമ്പോൾ റിക്കവറിയിൽ തുടങ്ങി റിക്കവറിയിൽ അവസാനിക്കുന്നതാണ് വേദത്തിന്റെ രഹസ്യം.

ദൈവത്തിന്റെ നിറങ്ങൾ: മഴവില്ല് മാനത്ത് തെളിയുമ്പോൾ നിങ്ങളെ ഞാൻ ഓർക്കും. ഓർമ്മകളെ വീണ്ടെടുക്കുന്നതിന്റെ അടയാളമായി നോഹയുടെ കാലത്ത് ദൈവം പറഞ്ഞതാണ്, മഴവില്ലും അതിന്റെ നിറങ്ങളും. മറക്കാൻ കഴിയാത്ത രീതിയിൽ ഇഷ്ടപ്പെടാനും, ഇഷ്ടപ്പെടാൻ കഴിയുന്ന രീതിയിൽ ഓർത്തിരിക്കാനും ദൈവം എന്നും തയ്യാറാണ് എന്നതിന്റെ അടയാളമാണ് മഴവില്ല്.

'ഞാൻ ഭൂമിയുടെ മീതെ മേഘം വരുത്തുമ്പോൾ മേഘത്തിൽ വില്ല് കാണും. അപ്പോൾ ഞാനും നിങ്ങളും സർവജഡവുമായ സകല ജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും.' Genesis 9:16.

മേഘങ്ങൾ, ആകാശം എന്നിവ എവിടെ തുടങ്ങുന്നു മനുഷ്യരെ സംബന്ധിച്ചിടത്തോളം ഭൂമിയിൽ നിന്ന് മുകളിലേക്ക് നോക്കുമ്പോഴാണ് ആകാശം കാണുന്നത്. മറ്റു നക്ഷത്രങ്ങൾ ആകാശത്തിലാണ്. എന്നാൽ മറ്റു നക്ഷത്രങ്ങളിലുള്ള ജന്തുജാലങ്ങൾക്ക് ഭൂമിയും ആകാശത്തിലാണ്. ഭൂമിയിലെ ജന്തുജാലങ്ങൾ മേഘങ്ങളിലാണ്. മേഘങ്ങൾ, ആകാശം എന്നിവ എവിടെയാണ്?. നാം നിൽക്കുന്ന ഇടം അത് ആകാശത്തിലാണ്. ഭൂമിയുടെ ഗുരുതാകർഷണം കൊണ്ട് ഭൂമി നമ്മെ കൈവെടിയുന്നില്ല എന്ന് മാത്രമേയുള്ളൂ. ഭൂമി എന്ന ഗ്രഹത്തിനു മുകളിലെ ആകാശവാസികളാണ് മനുഷ്യർ.

ഭൂമിക്കു മുകളിലെ ദൈവത്തിന്റെ നിറം, മഴവില്ല്. മഴവില്ലിന് ഒറ്റ നിറമല്ല. ദൈവം ഉടമ്പടി പറയുന്നത് ഒറ്റ നിറത്തെ മുൻനിർത്തിയല്ല മറിച്ച് ഒരു കൂട്ടം നിറങ്ങളെയാണ്. ഭൂമിയെ നശിപ്പിക്കാതിരിക്കാൻ താൻ ഇഷ്ടപ്പെടുന്നത് ഒരുകൂട്ടം നിറങ്ങളെയാണ്, മഴവില്ലിനെ. നിറകേന്ദ്രീകൃതമായ ശാരീരിക ഘടനകളിൽ മനുഷ്യനെ വേർതിരിക്കുന്ന ആത്മീയ പശ്ചാത്തലം നിറഞ്ഞുനിൽക്കുന്നതാണ് ജൂതമതം. പ്രത്യേകിച്ചും പ്രവാസാനന്തര ജൂതമതം തങ്ങളുടെ ആത്മീയതയെ നിർണയിക്കുന്നതിൽ ദൈവജനം എന്ന നിലപാടിനെക്കാൾ അപ്പുറം വർഗീയ വംശീയ വേർതിരിവുകൾ സൃഷ്ടിച്ചു കൊണ്ടായിരുന്നു നിലനിന്നിരുന്നത്. ഫറവോയുടെ അടിമത്തത്തിൽനിന്ന് ദൈവം മോശയുടെ നേതൃത്വത്തിൽ വീണ്ടെടുത്ത ജനം വംശീയതകൾ ഇല്ലാത്തതും, ബഹുസ്വരതകൾ നിലനിർത്തുന്നതും ആയിരുന്നു. എന്നാൽ പിൽക്കാലത്ത് അതെല്ലാം ദൈവജനത്തിന് നഷ്ടമായി. നോഹയുടെ കാലത്തെ പ്രളയം, വീണ്ടെടുപ്പ് എന്നിവ കേവലം ഒരു കാലത്തെ ചരിത്രവുമായി മാത്രം വായിക്കേണ്ടതല്ല മറിച്ച് ജൂത ജനതയുടെ സാംസ്കാരികവും മതപരവുമായ ജീവിതത്തെ മുഴുവനായി മുൻനിർത്തി മനസ്സിലാക്കേണ്ടതാണ്.

മഴവില്ലിന്റെ നിറം അത് വംശീയതയുടെ നിറത്തെ ചെറുത്തുതോൽപ്പിക്കുന്ന അടയാളമാണ്. വർഗീയ, വംശീയ സ്വഭാവമില്ലാത്ത ലോകത്തിലെ അവസ്ഥയാണ് മഴവില്ല്, അതാണ് ദൈവം ഇഷ്ടപ്പെടുന്നത്. ബഹുസ്വരത അതാണ് ദൈവത്തിന്റെ നിറം. ഭൂമിക്കു മുകളിൽ നിറഞ്ഞുനിൽക്കുന്ന ബഹുസ്വരതയാണ് ദൈവത്തിന്റെ മഴവില്ല്. ഈ ബഹുസ്വരതയിലാണ് ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ ഓർമ്മയും.

ഓർമ്മകൾ: ആരോഗ്യരംഗത്ത് റിക്കവറി എന്നത് രോഗം, ശസ്ത്രക്രിയ, മാനസികാഘാതം, ലഹരി തുടങ്ങിയ അവസ്ഥകളിൽ നിന്ന് സുഖം പ്രാപിക്കലാണ്. ക്രമം കെട്ട ലോകത്ത് റിക്കവറിയുള്ള ആളാണ് നോഹ. സാമൂഹ്യമായും ആത്മീയമായും സന്തുലിതാവസ്ഥയ്ക്ക് ദൈവാനുഭവം പ്രധാനമായി നിലനിൽക്കേണ്ടതാണ്. നോഹയുടെ ചുറ്റുപാട് മുഴുവനും സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പൂർണ്ണ പരാജയമാണ്. അവിടെയാണ് നോഹയുടെ ഓർമ്മകൾ പ്രധാനപ്പെട്ടതാകുന്നത്. 'നീതിമാൻ' എന്ന പദം സന്തുലിതമായ സാമൂഹ്യ ആത്മീയ അനുഭവത്തെ മുൻനിർത്തിയാണ്. ദൈവത്തിന് ഓർത്തിരിക്കാൻ നോഹ മാത്രമായിപ്പോയി, നീതിമാനായി.

ജോസഫിനെയും അരിമത്യക്കാരൻ ജോസഫിനെയും നീതിമാൻ എന്ന പദം കൊണ്ടാണ് പുതിയ നിയമത്തിൽ അടയാളപ്പെടുത്തുന്നുണ്ട്. ഇവിടെയെല്ലാം ഇവരുടെ സന്തുലിതമായ സാമൂഹ്യ ആത്മീയ നിലപാടും അനുഭവവും പ്രധാനപ്പെട്ടതാണ്. റിക്കവറി അതിന്റെ ആഴത്തിൽ മടങ്ങിപ്പോക്കും വീണ്ടെടുപ്പും ചേർന്നതാണ്. മഴവില്ലിനെ പ്രണയിക്കുന്ന ദൈവം തന്റെ പുത്രനെ അയക്കുന്നത് വീണ്ടെടുപ്പിന് വേണ്ടിയാണ്. ക്രിസ്തുവിനെ പ്രതി നാം ആരെയെങ്കിലും സ്നേഹിച്ചു തുടങ്ങുന്നുണ്ടെങ്കിൽ അത് റിക്കവറിയാണ്, ദൈവത്തിന്റെ വീണ്ടെടുപ്പ്.

പ്രണയം റിക്കവറി

പ്രണയം ചിന്തകളെയും കാഴ്ചപ്പാടുകളെയും കണക്കുകൂട്ടലുകളെയും തീരുമാനങ്ങളെയും പാടേ മാറ്റിമറിച്ചുകളയും! തുടങ്ങുന്നിടത്ത് അവസാനിച്ചുവെന്നും അവസാനിച്ചുവെന്ന് കരുതുന്നിടത്തുനിന്ന് ആരംഭിക്കുകയും ചെയ്യും! ഉൾക്കാഴ്ചകളിൽ ജീവിതത്തിന്റെ കാണാക്കയങ്ങൾ കാണുമ്പോഴും നമ്മൾ അന്ധരെന്ന് മുദ്രകുത്തപ്പെടും. പ്രണയം അന്ധതയാണ് എന്ന് പറയുമ്പോഴും ആരും കാണാത്ത അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നമ്മൾ വ്യക്തമായി കാണുന്നു, തിരിച്ചറിയുന്നു

അങ്ങനെ പ്രണയം നിർവചനങ്ങൾക്ക് അതീതമായ എല്ലാ രൂപപ്പകർച്ചയിലും നമ്മളെ കൊണ്ടെത്തിക്കുന്നു! അവിടെ പരിചിതരെന്നോ അപരിചിതരെന്നോ ഇല്ല. അടുപ്പത്തിന് കാലങ്ങളുടെ അളവുകോലുകളും ഇല്ല. നേരമോ കാലമോ അടയാളപ്പെടുത്താൻ കഴിയാത്ത ഒരു നിമിഷത്തിൽ, ആത്മാവിനെ തിരിച്ചറിയുന്ന ആ ഒരു നിമിഷത്തിൽ പ്രണയം ജനിക്കുന്നു! ആത്മാക്കൾ പരസ്പരം ബന്ധിക്കുന്ന നേരംമുതൽ പ്രണയം ജീവിച്ചുതുടങ്ങുന്നു!

ഹൃദയം പ്രണയത്താൽ പവിത്രീകരിക്കപ്പെടുന്നു!

മഴവിൽ അങ്ങനെ ദൈവത്തിന്റെ പ്രണയ പുസ്തകം ഓർമ്മകളിൽ തുറക്കുന്നു. ❑



ഫാദർ ജോർജ് പട്ട്ലാട്ട് അന്തരിച്ചു

അങ്കമാലി ഭദ്രാസനത്തിലെ സീനിയർ വൈദികനും കോതമംഗലം സാന്ത്വനം സ്പെഷ്യൽ സ്കൂൾ മുൻ ഡയറക്ടറുമായ ഫാദർ ജോർജ് പട്ട്ലാട്ട് (87) അന്തരിച്ചു. കങ്ങഴ MGDM ആശുപത്രിയുടെ ആദ്യകാല ചാപ്ലെൻ (മാർ ഏലിയാ ചാപ്പൽ) ആയിരുന്നു.

മൂന്നാർ സെന്റ് മേരീസ്, ഏലൂർ മാർ ഗ്രീഗോറിയോസ്, കുന്നംകുളം കുറുക്കൻപാറ അരമന ചാപ്പലിലെ ചാപ്ലെൻ, പെരുമ്പാവൂർ ബെഥേൽ സുലോക്കോ, ചാത്തമറ്റം ശാലേം മർത്തമറിയം, മാറാടി മാർ ഗ്രീഗോറിയോസ്, മേതല-ഉദയഗിരി മാർ ഗീഗോറിയോസ്, പുളിന്താനം സെന്റ് തോമസ്, പള്ളിക്കര മാർ ബസേലിയോസ് & മാർ ഗ്രീഗോറിയോസ്, വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്, മുടവൂർ മാർ ഗ്രീഗോറിയോസ്, കോതമംഗലം മാർ ബസേലിയോസ്, കവളങ്ങാട് മാർ ഗ്രീഗോറിയോസ്, പഴന്തോട്ടം സെന്റ് മേരീസ്, ഓടക്കാലി സെന്റ് മേരീസ് എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.

1990 കാലഘട്ടങ്ങളിൽ അങ്കമാലി ഭദ്രാസനത്തിൽ ഫീലിപ്പോസ് മാർ തെയോഫിലോസ് ആരംഭിച്ച സ്മാൾ പ്രോജക്ട് ഫണ്ടിന്റെ (SPF) കൺവീനിയറായിട്ടും, കോതമംഗലത്ത് പ്രവർത്തിച്ചുവരുന്ന ഓർത്തഡോക്സ് ചർച്ച് സെന്ററിന്റെ ഡയറക്ടർ ആയിട്ടും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

അച്ചൻ മൂവാറ്റുപുഴ നിർമ്മല കോളേജിലെ ഉപരി പഠനത്തിനുശേഷം, കോട്ടയം ജില്ലയിലെ പാറത്തോട് കോളേജിൽ നിന്ന് B.Ed. കരസ്ഥമാക്കി. തന്റെ അദ്ധ്യാപനവൃത്തി ആരംഭിക്കുന്നത് വെങ്ങോല ശാലേം ഹൈസ്കൂളിൽ ഗണിതശാസ്ത്ര വിഭാഗത്തിലെ അദ്ധ്യാപകനായിട്ടാണ്. കിഴക്കമ്പലം ബേതലഹേം ദയറ യു.പി. സ്കൂള്, ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന്, സഭയുടെ പ്രധാന വ്യക്തിത്വങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. പിന്നീട് ദയറാ ഹൈസ്കൂളിൽ പ്രധാനാദ്ധ്യാപകനായി ചാർജ് എടുത്ത് അവിടെ നിന്ന് റിട്ടയർ ചെയ്ത ശേഷം, കങ്ങഴ ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന ബസേലിയോസ് സ്കൂളിന്റെ പ്രിൻസിപ്പൽ ചുമതല ഏറ്റു. തുടർന്ന് അങ്കമാലിയിൽ അച്ചനും കൂടി ആരംഭിച്ച ആദം പബ്ലിക് സ്കൂളിലെ പ്രിൻസിപ്പൽ ആയിട്ട് ജോലി തുടർന്നു.

സാന്ത്വനം സ്പെഷ്യൽ സ്കൂൾ ഡയറക്ടർ ആയി 17 വർഷം സ്തുത്യർഹ സേവനം ചെയ്തു.

അതിനുശേഷം കോതമംഗലത്ത് 2004-ൽ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമ്പാദിച്ച സ്ഥലത്ത്, പ. ബസേലിയോസ് ഔഗേൻ ബാവായുടെ ധന്യ നാമത്തിൽ, പരിശുദ്ധ ബസേലിയോസ് ദിദിമോസ് ബാവായുടെ അനുമതിയോടെ, നിയുക്ത കാതോലിക്കബാവയായിരുന്ന പൗലോസ് മാർ മിലിത്തിയോസ് തിരുമേനി, കോതമംഗലത്ത് 2000 മുതൽ തോമസ് പോൾ റമ്പാച്ചന്റെയും, പരേതനായ എം. എം. എബ്രഹാം അച്ചന്റെയും മറ്റ് മഹൽ വ്യക്തിത്വങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിച്ചു വരുന്ന സാന്ത്വനം സ്പെഷ്യൽ സ്കൂൾ, മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യ പ്രവർത്തന സംരംഭമായി സഭയ്ക്കായി 2008-ൽ ഏറ്റെടുത്തു. അച്ചനെ സ്പെഷ്യൽ സ്കൂൾ ഡയറക്ടർ ആയി നിയമിച്ചു. സ്കൂളിന് വേണ്ട ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം വന്ദ്യ ഇടയനാൽ അച്ചനോടൊപ്പം നിർമിച്ച് സ്പെഷ്യൽ സ്കൂൾ തുടങ്ങി. 2021-24 കാലഘട്ടത്തിൽ സ്കൂളിന്റെ രക്ഷാധികാരിയായ പ. മാത്യൂസ് ത്രിതീയൻ ബാവയോടൊപ്പം പ്രവർത്തിക്കാനും അച്ചന് സാധിച്ചിട്ടുണ്ട്. 2025 വർഷം പരിശുദ്ധ ഗീവർഗീസ് ദ്വിതിയൻ ബാവയുടെ ധന്യ നാമത്തിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്നു Vocational Training Centre ന്റെയും, Modern Therapy Centres ന്റെയും പ്രാരംഭ നടപടികളെല്ലാം നിവർത്തിക്കുന്നതിനും സാധിച്ചു.

അച്ചനെക്കുറിച്ച് പറയുമ്പോൾ, വഹിക്കുന്ന സ്ഥാനത്തോട് ഇത്രയും ആത്മാർത്ഥതയും അർപ്പണ മനോഭാവം ഉള്ള ചുരുക്കം വ്യക്തികളിൽ ഒരാളായിരുന്നു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. സാന്ത്വനം എന്നാൽ അച്ചന്റെ ജീവനാണ്. സാന്ത്വനത്തിനായി ജീവിക്കുന്ന വ്യക്തി, സാന്ത്വനത്തിലെ കുഞ്ഞുങ്ങൾക്ക് കാണപ്പെട്ട ദൈവം.

ഹൃദയശുദ്ധി, ലാളിത്യം, സഹാനുഭൂതി, കലർപ്പില്ലാത്ത ദൈവഭക്തി, ദീർഘവീക്ഷണം, ദൃഢനിശ്ചയം, മുഖം നോക്കാതെ സത്യത്തിന് അനുസൃതമായി അഭിപ്രായം പറയുന്ന വ്യക്തിത്വം, അങ്ങനെ എല്ലാ നന്മകളും ഒത്തുചേർന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് അച്ചൻ. വാർദ്ധക്യ സഹജമായ കാരണത്താൽ സ്പെഷ്യൽ സ്കൂളിന്റെ ഡയറക്ടർ സ്ഥാനത്തു നിന്നു 17 വർഷങ്ങൾക്ക് ശേഷം അച്ചൻ (10.01.2025) ൽ വിരമിച്ചു.

1960-കളിൽ കോടനാട് മാർ ഔഗേൻ ഹൈസ്കൂൾ ആരംഭം കുറിക്കുന്നതിന് അന്നത്തെ കേരള മുഖ്യമന്ത്രിയെ കാണുന്നതിനും, അനുമതി നേടിയെടുക്കുന്നതിനും വേണ്ടി ഔഗേൻ മാർ തീമോത്തിയോസ് (അച്ചന്റെ അമ്മായിയുടെ ജേഷ്ഠസഹോദരൻ) തിരുമേനിയോടൊപ്പം പ്രവർത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

അച്ചന്റെ ഭാര്യ മേരിക്കുട്ടി ജോർജ് (മറിയാമ്മ) കുന്നകുരുടി, ഓലിക്കൽ കുടുംബാംഗമാണ്. മക്കൾ ജിജീ ജോർജ്, സജീ ജോർജ് (Tata AIA & Polite Pothanicad). മരുമക്കൾ കോലഞ്ചേരി കുന്നത്ത് വീട്ടിൽ ജോർജ് പോൾ കുന്നത്ത് (ഷാർജ), കോതമംഗലം പാലക്കാടൻ മിനി പി എൽദോസ് (ടീച്ചർ, കോടനാട് മാർ ഔഗേൻ ഹൈസ്കൂൾ).

- ജോൺസൺ എബ്രഹാം



പ. പൗലോസ് രണ്ടാമൻ ബാവാ സാന്ത്വനം സ്പെഷ്യൽ സ്കൂളിൽ. തോമസ് പോൾ റമ്പാനും ഫാ. ജോർജ് പട്ട്ലാട്ടും സമീപം.